# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി - VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്
## (2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)
## (PERIODICAL REPORT FROM $1^{ST}$ APRIL 2022 TO $31^{ST}$ MARCH 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്

(Presented on $11^{th}$ September 2023)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി VII**

**(SUBJECT COMMITTEE VII)**

**വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും**

**(ELECTRICITY, LABOUR AND LABOUR WELFARE)**

**ആനുകാലിക റിപ്പോർട്ട്**
**2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്**

**(PERIODICAL REPORT FROM 1ST APRIL 2022 TO 31ST MARCH 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2021-2023)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം :</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം - 2 പ്രകാരം 2021-2023 കാലയളവിലേയ്ക്കായി രൂപീകരിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 12.04.2022, 19.04.2022, 26.04.2022, 12.07.2022, 23.08.2022, 23.11.2022, 06.12.2022, 15.02.2023, 17.02.2023, 22.02.2023 എന്നീ തീയതികളിലായി ആകെ 10 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 12.04.2022, 19.04.2022 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വിവിധ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തി. 26.04.2022-ലെ യോഗത്തിൽ 2022-23 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ചു. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, 2018-19, 2020-21 എന്നീ വർഷങ്ങളിലെ വിവിധ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസ പത്രികകൾ, സംസ്ഥാനത്തെ വ്യാവസായിക ട്രിബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിയിന്മേലുള്ള കരട് ചട്ടം

എന്നിവ 12.07.2022-ലെ യോഗത്തിൽ പരിഗണിച്ചു. 23.08.2022-ലെ യോഗത്തിൽ 2022-ലെ ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിച്ചു. 23.11.2022-ലെ യോഗത്തിൽ നഗരങ്ങളിലെ അസംഘടിതരായ തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസവും സംബന്ധിച്ച് ചട്ടം 235 എ പ്രകാരം വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകളും കേരള ഇൻഷുറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ കരട്, ANERT-ന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച പ്രവർത്തനങ്ങളുടെ അവലോകനം, ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി EMC നടത്തി വരുന്ന പ്രവർത്തനങ്ങളുടെ അവലോകനം, വൈദ്യുത ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ, നിർമ്മാണ അറ്റകുറ്റ പണികൾക്കിടെ ഉണ്ടാകുന്ന അപകടങ്ങൾ തടയുവാനുള്ള മുൻകരുതലുകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചെയ്തു. 06.12.2022-ലെ യോഗത്തിൽ 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണിച്ചു. 15.02.2023, 17.02.2023 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിന്മേൽ പരിശോധന നടത്തി. 22.02.2023-ലെ യോഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 66% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം |
| അദ്ധ്യായം V | - | നിയമസഭ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | a) 2022-23 ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>b)ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2023 സെപ്റ്റംബർ 11

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
***ചെയർമാൻ,***
***സബ്ജക്ട് കമ്മിറ്റി-VII.***

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 27.06.2022-ന് സഭയിൽ സമർപ്പിച്ചു.

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 15.07.2022-ന് സഭയിൽ സമർപ്പിച്ചു.

3. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 15.07.2022-ന് സഭയിൽ സമർപ്പിച്ചു.

4. 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 24.08.2022-ന് സഭയിൽ സമർപ്പിച്ചു.
5. The Kerala Motor Transport Workers Welfare Fund (Amendment) Bill, 2022 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 07.12.2022-ന് സഭയിൽ സമർപ്പിച്ചു.
6. 2022-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 07.12.2022-ന് സഭയിൽ സമർപ്പിച്ചു.
7. അനെർട്ട്, ഇ.എം.സി. എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുത മേഖലയിലെ അപകടങ്ങൾ തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് 12.12.2022-ന് സഭയിൽ സമർപ്പിച്ചു.
8. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 27.02.2023-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകൾ

1. 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 23.08.2022-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

2. Kerala Motor Transport Workers Welfare Fund (Amendment) Bill,2022 06.12.2022-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

3. 2022-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 06.12.2022-ലെ യോഗത്തിൽ ഭേദഗതിയോടുകൂടി സമിതി അംഗീകരിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

1. സംസ്ഥാനത്തെ വ്യാവസായിക ട്രിബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിശേഷാൽ കരട് ചട്ടം 12.07.2022-ലെ യോഗത്തിൽ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

2. 2022-ലെ കേരള ഇൻഷ്വറൻസ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ 23.11.2022-ലെ യോഗത്തിൽ ഭേദഗതി കൂടാതെ അംഗീകരിച്ചു.

## അദ്ധ്യായം IV

## നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയം സംബന്ധിച്ച് 23.11.2022-ലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

## അദ്ധ്യായം V

## നിയമസഭ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| | 1 | 2 | 3 | 4 |
| 1. | XXXIX-വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) | 28.06.2022 |
| 2. | XXXIX-വൈദ്യുത പദ്ധതികൾ | 2021-22 | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ - കേരള) | 28.06.2022 |
| 3. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 28.06.2020 |
| 4. | XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2018-19 (കാലതാമസ പത്രിക സഹിതം) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 28.06.2022 |
| 5. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2020-21 | വ്യാവസായിക പരിശീലന വകുപ്പ് | 28.06.2022 |
| 6. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 7. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2020-21 (കാലതാമസ പത്രിക | തൊഴിലും നൈപുണ്യവും വകുപ്പ് [വ്യാവസായിക | 28.06.2022 |

| | | | | |
|---|---|---|---|---|
| | | സഹിതം) | ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, കിലെ, ഒഡെപെക്, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള)] | |
| 8. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് | 28.06.2022 |
| 9. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കിലെ, & ഒഡെപെക്) | 28.06.2022 |
| 10. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 11. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 12. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 13. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 14. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് | 28.06.2022 |

| | | | | |
|---|---|---|---|---|
| 15. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 16. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ) | 28.06.2022 |
| 17. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 28.06.2022 |
| 18. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | വ്യാവസായിക പരിശീലന വകുപ്പ് [ട്രെയിനിംഗ് ഡയറക്ടറേറ്റ് (പ്ലാനിംഗ്)] | 28.06.2022 |
| 19. | XXXIX-വൈദ്യുത പദ്ധതികൾ | 2021-22 | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) | 20.07.2022 |
| 20. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് | 20.07.2022 |
| 21. | XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2021-22 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 01.09.2022 |
| 22. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 06.12.2022 |
| 23 | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ബീഡി, ചുരുട്ട് | 06.12.2022 |

| | | | | |
|---|---|---|---|---|
| | | | തൊഴിലാളി ക്ഷേമനിധി ബോർഡ്) | |
| 24. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 06.12.2022 |
| 25. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2012-13 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 06.12.2022 |
| 26. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2013-14 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 06.12.2022 |

| | | | | |
|---|---|---|---|---|
| | | | | |
| 27. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2015-16 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 06.12.2022 |
| 28. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 06.12.2022 |
| 29. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ | 06.12.2022 |

| | | | | |
|---|---|---|---|---|
| | | | ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) | |
| 30. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |
| 31. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2012-13 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |
| 32. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2013-14 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |
| 33. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2014-15 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |
| 34. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2015-16 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |
| 35. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |
| 36. | XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | തൊഴിലും നൈപുണ്യവും വകുപ്പ് ( കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 15.03.2023 |

## അദ്ധ്യായം VI

### (a) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ ഖണ്ഡിക നം. 1-7, 9, 11, 14, 15, 17-65, 68 എന്നിവയിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വകുപ്പ് | ശിപാർശ / ഖണ്ഡികകൾ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 8, 10, 12, 13, 16 |
| ഊർജ്ജ വകുപ്പ് | 66, 67 |

### (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന വിധത്തിൽ

### 1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

#### ശിപാർശ

2230-01-001-95 - കേരളത്തിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം
വിഹിതം : 10,00,000 രൂപ (പദ്ധതി)

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം, പരിപാലനം, നവീകരണം, അവാർഡ് വിതരണം മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3 )

## സർക്കാർ സ്വീകരിച്ച നടപടി

17.03.2022-ലെ സ.ഉ(സാധാ)നം.1942/2022/ധന. നം. പ്രകാരം 2230-01-103-69-00-00-00-P-V-GUEST WORKERS FRIENDLY RESIDENCE IN KERALA ശീർഷകത്തിൽ നിന്നും 2230-01-001-95-34-3-പ്ലാൻ-GRADING SYSTEM FOR SHOPS & COMMERCIAL ESTABLISHMENT IN KERALA ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴി 23 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(20.07.2022-ലെ (LBRD/E3/125/2021-LBRD) നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക - 3 -ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ

2230-01-103-62-10 - പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി സംഭാവന

വിഹിതം : 1,10,00,000/- രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(06.07.2022-ലെ D2/387/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 13-ലെ ശിപാർശയിന്മേലുള്ള കാലതാമസപത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ

2230-01-103-53 – എസ്റ്റേറ്റ് തൊഴിലാളികൾക്കുള്ള ആശ്വാസ നിധി

വിഹിതം : 50,00,000/- രൂപ (പദ്ധതി)

2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി ഭേദഗതി ചെയ്ത് മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശികൾക്ക് 2021 സാമ്പത്തിക വർഷം ധനസഹായ വിതരണത്തിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(06.07.2022-ലെ D2/387/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 15-ലെ ശിപാർശയിന്മേലുള്ള കാലതാമസപത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ

2230-01-103-16 – അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസപദ്ധതി

വിഹിതം : 3,50,00,000/- രൂപ (പദ്ധതി)

ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയായ അപ്നാഘർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(06.07.2022-ലെ D2/387/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 18-ലെ ശിപാർശയിന്മേലുള്ള കാലതാമസപത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-01-103-15 – നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കായുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും.

വിഹിതം : 80,00,000/- രൂപ (പദ്ധതി)

ജനനി/ഭവനം പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(06.07.2022-ലെ D2/387/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 19-ലെ ശിപാർശയിന്മേലുള്ള കാലതാമസപത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു.)

## 2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

**ശിപാർശ**

2230-01-103-88-10 - കേരള ആർട്ടിസാൻസ് ആൻഡ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35.9687 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8 )

**സർക്കാർ സ്വീകരിച്ച നടപടി**

ഈ പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല.

(08.04.2022-ലെ B1/99/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 8 -ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-01-103-79-10 - കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2018-19 വരെ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഗ്രാന്റ് കുടിശ്ശിക ലഭ്യമായിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 36.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11 )

**സർക്കാർ സ്വീകരിച്ച നടപടി**

2019-20-ലെ ബഡ്ജറ്റിൽ 2.43 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും ധനസഹായം അനുവദിച്ചിട്ടില്ല

(08.04.2022-ലെ B1/99/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 11-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-01-103-60 - അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, അവശത അനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നീ പദ്ധതികൾ ഏകോപിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ വിഹിതം അപര്യാപ്തമായതിനാൽ 3.74111 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14 )

**സർക്കാർ സ്വീകരിച്ച നടപടി**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതിയ്ക്ക് കീഴിൽ, അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശത അനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള

പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നീ 3 പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി "2230-01-103-60 പ്ലാൻ" ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തുകയും 12.05.2019 തീയതിയിലെ സ.ഉ.(സാധാ) 525/2019/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി തുകയിൽ നിന്നും 15 ലക്ഷം രൂപ അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി പദ്ധതിയ്ക്കും 2.35 കോടി രൂപ അവശത അനുഭവിക്കുന്ന മരംകയറ്റ മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയ്ക്കും 2.5 കോടി രൂപ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതിയ്ക്കും ആയി വിനിയോഗിക്കുന്നതിനും ഭരണാനുമതി നൽകിയിരുന്നു.

1. അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വസനിധി

ഏതെങ്കിലും ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികൾ എന്ന നിർവ്വചനത്തിൽ വരുന്നവരുമായ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് ഒറ്റത്തവണ ധനസഹായമായി 2,000/- രൂപ നൽകി വരുന്ന അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി പദ്ധതിയ്ക്കായി വകയിരുത്തിയ 15 ലക്ഷം രൂപയിൽ 4,64,000/- രൂപ മേൽ പദ്ധതിയ്ക്കായി ജില്ലാ ലേബർ ഓഫീസർമാർ മുഖാന്തിരം വിനിയോഗിക്കുകയും ബാക്കിയുള്ള തുകയായ 10,36,000/- രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

2. കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ

235 ലക്ഷം രൂപ വകയിരുത്തിയതിൽ 2,28,33,300/- രൂപ ടി പെൻഷൻ വിതരണത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

3. പ്രസവാനുകൂല്യം

പ്രസവാനുകൂല്യ പദ്ധതിയ്ക്കായി അനുവദിച്ച 2.5 കോടി രൂപ വിവിധ ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്ത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

(08.04.2022-ലെ B1/99/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 14 -ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ

2230-01-103-51 - സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 13,85,52,000 രൂപ (പദ്ധതിയേതരം)

കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിരമിച്ചവർക്ക് അടുത്ത സാമ്പത്തിക വർഷം മുതൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് കൂടുതൽ തുക ആവശ്യമുള്ളതിനാൽ, ഈ ശീർഷകത്തിൽ 15.2017 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19 )

## സർക്കാർ സ്വീകരിച്ച നടപടി

2230-01-103-51 എന്ന ശീർഷകത്തിൽ പെൻഷൻ വിതരണത്തിനായി വകയിരുത്തിയിരുന്ന തുകയും അധികമായി വകയിരുത്തിയ തുകയും ഉൾപ്പെടെ 15,76,63,514/- രൂപയും മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് തുകയായ 42,55,686/- രൂപയും ഉൾപ്പെടുത്തി 16,19,49,200/- രൂപ പെൻഷൻ വിതരണത്തിനായി അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി വിനിയോഗിച്ചിട്ടുണ്ട്.

(08.04.2022-ലെ B1/99/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 19 -ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ

2230-01-103-17 - അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി

വിഹിതം : 50,00,000 രൂപ (പദ്ധതി)

അസംഘടിത തൊഴിലാളികൾക്കുള്ള മരണാനന്തര ധനസഹായം, റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം, അവശതാ പെൻഷൻ എന്നീ ധനസഹായങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22 )

## സർക്കാർ സ്വീകരിച്ച നടപടി

2230-01-103-17 എന്ന ശീർഷകത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ 50 ലക്ഷം രൂപ പദ്ധതി അംഗങ്ങളുടെ ആനുകൂല്യ വിതരണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

(08.04.2022-ലെ B1/99/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 22 -ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം - VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും

**1) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്**

## ശിപാർശ

## പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്

കേരളത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ സാക്ഷരതയും സാമ്പത്തിക-സാംസ്കാരിക ഉന്നമനവും സംബന്ധിച്ച് അവബോധമുണ്ടാക്കേണ്ടത് ആവശ്യമാണെന്നതിനാൽ സംസ്ഥാനത്തെ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളെയും അവരുടെ കുടുംബത്തെയും ഉൾപ്പെടുത്തണമെന്നും നമ്മുടെ ഭാഷയുടെ കൂടെ അവരുടെ ഭാഷയും കൂടി പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ചങ്ങാതി'. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുമാന മാർഗ്ഗത്തിനായി കേരളത്തിലെത്തിച്ചേരുന്ന തൊഴിലാളികളെ അവരുടെ സാമൂഹികമായ നിലനിൽപ്പിനാവശ്യമായ മലയാള ഭാഷ 4 മാസം കൊണ്ട് എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതോടെ ഇന്ത്യയിൽ ആദ്യമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമായി മാറി കേരളം.

2. ഈ പദ്ധതിയുടെ മാതൃകാ പദ്ധതി നടപ്പിലാക്കിയത് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭയിലാണ്. കേരളത്തിൽ ഏറ്റവുമധികം അതിഥി തൊഴിലാളികൾ പാർക്കുന്ന സ്ഥലമാണ് പെരുമ്പാവൂർ. 2017 ജനവരി 26 മുതൽ 29 വരെ പെരുമ്പാവൂരിൽ നടത്തിയ ജനകീയ സർവ്വേയിലൂടെ പെരുമ്പാവൂർ എം.ഇ.എസ്. കോളേജിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ 321 പേരെ കണ്ടെത്തുകയും അവർക്ക് സാക്ഷരതാ ക്ലാസ് എടുക്കുകയും അതിനുശേഷം

പരിക്ഷോത്സവം എന്ന പേരിൽ 2018 മെയ് 13-ന് സാക്ഷരതാ പരീക്ഷ സംഘടിപ്പിക്കുകയും ചെയ്തു. 10 പരീക്ഷാ കേന്ദ്രങ്ങളിലായി 568 പേർ പെരുമ്പാവൂർ മാതൃകാ പദ്ധതിയിൽ പരീക്ഷ എഴുതി. അതിൽ 469 പേർ സാക്ഷരരായി. പെരുമ്പാവൂർ മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് പെരുമ്പാവൂർ എം.ഇ.എസ്. കോളേജിലെ വിദ്യാർത്ഥികൾ മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്.

3. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച മാതൃകാ പദ്ധതിയുടെ വിജയത്തിനു ശേഷം ഒന്നാം ഘട്ടമായി (2017-18) പെരുമ്പാവൂരിന് (എറണാകുളത്തിന്) പുറമേ 13 ജില്ലകളിൽ നിന്നും തെരെഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർവ്വേ നടത്തി 13 ജില്ലകളിലായി 5338 ഇതര സംസ്ഥാന തൊഴിലാളികളെ കണ്ടെത്തി. സർവ്വേയിലൂടെ കണ്ടെത്തിയ പഠിതാക്കൾക്ക് 13 ജില്ലകളിലായി ആകെ 150 ഇൻസ്ട്രക്ടർമാരാണ് സാക്ഷരതാ ക്ലാസുകൾ എടുത്തത്. ക്ലാസുകൾ വിജയകരമായി പൂർത്തിയാക്കി 2018 സെപ്റ്റംബർ 16-ന് മികവുത്സവം എന്ന പേരിൽ പരീക്ഷയും നടത്തി. സംസ്ഥാനത്തൊട്ടാകെ ആകെ 2256 പേർ മികവുത്സവത്തിൽ പങ്കെടുത്തു. പരീക്ഷ എഴുതിയ മുഴുവൻ പേരും വിജയിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടം (2018-19) നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലും പുതിയതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും സർവ്വേയിലൂടെ കണ്ടെത്തിയ 3311 പേർ രജിസ്റ്റർ ചെയ്യുകയും 1516 പഠിതാക്കൾ വിജയിക്കുകയും ചെയ്തു.

4. മൂന്നാം ഘട്ടം (2018-19) നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലും പുതിയതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്. കൊറോണ വൈറസിന്റെ വ്യാപനം മൂലം മൂന്നാം ഘട്ട സർവ്വേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രതിസന്ധി മാറിക്കഴിഞ്ഞ് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

**പ്രധാന പ്രവർത്തനങ്ങൾ**

1. 'ഹമാരി മലയാളം' എന്ന പേരിൽ പഠിതാക്കൾക്കുള്ള സാക്ഷരതാ പുസ്തകം തയ്യാറാക്കി.

2. പുസ്തകങ്ങൾ സൗജന്യമായി നൽകി ക്ലാസുകൾ നടത്തി.

3. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (വാർഡ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലങ്ങളിൽ) സംഘാടക സമിതികൾ രൂപീകരിച്ചു.

4. പദ്ധതിയുടെ ശരിയായ നടത്തിപ്പിനായി 25 പഠിതാക്കൾക്ക് ഒരു ഇൻസ്ട്രക്ടർ എന്ന നിലയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചു.

5. വാർഡ് കൗൺസിലർമാർ, മെമ്പർമാർ, ഇൻസ്ട്രക്ടർമാർ തുടങ്ങിയവർക്കായി പരിശീലനം സംഘടിപ്പിച്ചു.

6. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യം, പരിസ്ഥിതി, ലിംഗസമത്വം, ഭരണഘടന എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള സാമൂഹ്യ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിച്ചു.

7. ഇതര സംസ്ഥാന തൊഴിലാളി പഠിതാക്കൾക്ക് സാക്ഷരതാ മിഷന്റെ തുടർ വിദ്യാഭ്യാസ കലോത്സവത്തിൽ പങ്കെടുക്കുവാൻ അവസരമൊരുക്കി.

8. ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരതാ മിഷന്റെ വിവിധ പരിപാടികളിൽ പങ്കാളികളാക്കി.

ഇതര സംസ്ഥാന തൊഴിലാളികളായ പഠിതാക്കൾ വിവിധ സംസ്ഥാനങ്ങളിൽ പ്പെടുന്നവരാണ് അവരുടെ ഭാഷ പഠിപ്പിക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് മിഷൻ പഠനം നടത്തിയിട്ടില്ല.

## 2) <u>KASE-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

### <u>ശിപാർശ</u>

### <u>തൊഴിലും നൈപുണ്യവും വകുപ്പ്</u>

PMKVY 2.0 പദ്ധതി പ്രകാരം ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നില്ലെങ്കിലും യൂണിഫോം, ഹാൻഡ് ബുക്ക് തുടങ്ങിയവ സൗജന്യമായി നൽകുന്നുണ്ടെന്നും പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 500 രൂപ Direct Benefit Transfer (DBT) ആയി അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി നടപ്പിലാക്കണമെന്നും കേന്ദ്ര സർക്കാർ അനുവദിച്ച ആദ്യ ഗഡു പൂർണ്ണമായി ചെലവഴിച്ച് ഇതു സംബന്ധിച്ച യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കി അടുത്ത ഗഡു തുക നേടിയെടുക്കണമെന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന 2.0 (PMKVY 2.0) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 25255 യുവാക്കളിൽ 24362 പേർ പരിശീലനം പൂർത്തീകരിക്കുകയും 19923 പേരുടെ മൂല്യനിർണ്ണയം പൂർത്തിയാക്കുകയും 17624 യുവാക്കൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും 3829 പേർ ജോലി നേടുകയും ചെയ്തു. ബാക്കിയുള്ള യുവാക്കളുടെ പരിശീലനം, മൂല്യനിർണ്ണയം, തൊഴിൽ ലഭ്യമാക്കൽ തുടങ്ങിയവ പുരോഗമിച്ചു വരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 500 രൂപ നല്കി വരുന്നുണ്ട്. 22 കോടി ആദ്യ ഗഡു കേന്ദ്ര സർക്കാർ അനുവദിച്ചതിൽ 80% ഫണ്ട് വിനിയോഗിച്ചതിന്റെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും രണ്ടാം ഗഡുവായ Rs.10,55,00,000/- കേന്ദ്ര സർക്കാർ അനുവദിച്ചതിൽ 90,72,000/- രൂപ KASE-ന് ലഭ്യമായിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ Rs.22,40,98,372/- രൂപ വിനിയോഗിച്ചിട്ടുണ്ട്. PMKVY 2.0 പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ PMKVY 3.0 പദ്ധതിയുടെ ആദ്യ ഗഡുവായ Rs.2,02,52,000/- കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. ഈ തുക KASE-ന്റെ PFMS അക്കൗണ്ടിൽ ലഭ്യമാകാനുണ്ട്.

## ശിപാർശ

സങ്കൽപ് (SANKALP) പദ്ധതിയുടെ ഭാഗമായി ഡിസ്ട്രിക്ട് സ്കില്ലിങ് കമ്മിറ്റികൾ 14 ജില്ലകളിലും രൂപീകരിക്കേണ്ടതും ജില്ലാതലത്തിൽ പ്രസ്തുത കമ്മിറ്റികൾ സമർപ്പിക്കുന്ന ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ സമാഹരിച്ച്

സംസ്ഥാനത്തിന് പൊതുവിൽ ഒരു വാർഷിക സ്കിൽ ഡെവലപ്മെന്റ് പദ്ധതി ആവിഷ്കരിക്കുകയും തുടർന്ന് മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പിന്റെ അംഗീകാരം ലഭിച്ച ശേഷം സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ 14 ജില്ലകളിലും ഡിസ്ട്രിക്ട് സ്കില്ലിങ് കമ്മിറ്റികൾ രൂപീകരിക്കുകയും സംസ്ഥാന സർക്കാർ 9.64 കോടി രൂപയുടെ പ്രൊപ്പോസൽ മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി കേന്ദ്ര വികസന സംരംഭകത്വ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചർച്ചയുടെ അനന്തരഫലമായി സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി 7.41 കോടി രൂപ വരെ അർഹതയുണ്ടെന്ന് കേന്ദ്രമന്ത്രി 03.03.2020-ലെ DO No. MSDE/2020/615 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7 )

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

സങ്കൽപ് (SANKALP) പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റികൾ സംഘടിപ്പിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 14 ഡിസ്ട്രിക്ട് സ്കിൽ കോർഡിനേറ്റർമാരെ KASE വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) 14 ജില്ലകളും സമർപ്പിച്ചു. ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) 2022-23 KASE നിയമിച്ചിട്ടുള്ള 14 ഡിസ്ട്രിക്ട് സ്കിൽ കോർഡിനേറ്റർ വഴി തയ്യാറാക്കി വരുന്നുണ്ട്. SANKALP പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുക Rs.10,15,50,000/- KASE-ന്റെ അക്കൗണ്ടിൽ മാർച്ച് 2021-ൽ ലഭിച്ചു. ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ പ്രകാരം സങ്കല്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലന പദ്ധതികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതിയുടെ കീഴിൽ കേരളത്തിലുടനീളം

സ്കിൽ ഗ്യാപ് പഠനത്തിനും ഹ്രസ്വകാല നൈപുണ്യ പരിശീലന പദ്ധതികളുടെ വിലയിരുത്തൽ പഠനത്തിനും ഉള്ള നടപടികൾ പൂർത്തിയായി. സംസ്ഥാന നൈപുണ്യ വികസന മിഷന്റെ നൈപുണ്യ വികസന പദ്ധതികളുടെ പ്രചാരണ നടപടികളും നടന്നു വരുന്നു. പദ്ധതിയുടെ ഭാഗമായി കണ്ണൂർ, എറണാകുളം ജില്ലകളിൽ സ്റ്റേറ്റ് ജോബ് പോർട്ടൽ മുഖേന തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും മറ്റു ജില്ലകളിൽ സമാന രീതിയിൽ തൊഴിൽ മേള നടത്തുന്നതിനുള്ള നടപടികളും നടന്നു വരുന്നു. തൊഴിൽ മേളകളോടൊപ്പം അപ്രിന്റിസ്ഷിപ്പ് പ്രചാരണ പരിപാടികളും മുന്നോട്ട് പോകുന്നു. ഹ്രസ്വകാല നൈപുണ്യ വികസന പദ്ധതികളുടെ പ്രചാരണത്തിനായി നൈപുണ്യ ക്ലബ്ബുകളും യൂത്ത് ഇന്നോവേഷൻ അവാർഡ് പദ്ധതിയും സംസ്ഥാനത്ത് നടത്തി വരുന്നു. സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികളുടെ കൺവെർജൻസിന്റെ ഭാഗമായി MIS (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നാളിതുവരെ 91,04,652/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ലഭ്യമായ തുകയുടെ 70% ചിലവഴിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു ലഭ്യമാക്കാൻ സംസ്ഥാനം അർഹത നേടിയിട്ടുണ്ട് എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

ദേശീയ നൈപുണ്യ യോഗ്യത ഫ്രെയിം വർക്ക് സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി NSDC -യുമായി സഹകരിച്ച് നൈപുണ്യ പരിശീലന പരിപാടിയിൽ ഏതൊക്കെ മേഖലകളിലെ ഏതൊക്കെ തൊഴിലുകൾക്കാണ് ട്രെയിനിംഗ് നൽകിയതെന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് അടുത്ത യോഗത്തിൽ സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

**സർക്കാർ ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്**

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേരളത്തിലെ നോഡൽ ഏജൻസിയാണ് സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ് (KASE). ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നാഷണൽ സ്കിൽ

ക്വാളിറ്റി ഫ്രെയിം വർക്കിൽ (NSQF) ഉൾപ്പെട്ട തൊഴിൽ മേഖലകളിൽ പരിശീലനം നൽകിവരുന്നു. PMKVY പദ്ധതിയിൽ ഹ്രസ്വകാല പരിശീലനം (Short Term Training) ആർജ്ജിതവിജ്ഞാനത്തിന് അംഗീകാരം (Recognition of Prior Learning) തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു. ഹ്രസ്വകാല പരിശീലനത്തിലൂടെ 59 കോഴ്സുകളിലായി 27489 പേർ എൻറോൾ ചെയ്യുകയും 26681 പേർ പരിശീലനം പൂർത്തീകരിക്കുകയും മൂല്യനിർണ്ണയത്തിന് ശേഷം 19601 പേർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19 തൊഴിൽ മേഖലകളിലായി RPL പദ്ധതിയിലൂടെ 2788 തൊഴിലാളികൾ എൻറോൾ ചെയ്യുകയും 2655 പേർ പരിശീലനം നൽകുകയും 1754 പേർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നൈപുണ്യ യോഗ്യത പരിശീലന പരിപാടിയിൽ ട്രെയിനിംഗ് നൽകുന്ന കോഴ്സുകളുടെ മേഖല തിരിച്ചുള്ള പട്ടിക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>നൈപുണ്യ യോഗ്യത പരിശീലന പരിപാടിയിൽ ട്രെയിനിംഗ് നൽകുന്ന കോഴ്സുകളുടെ മേഖല തിരിച്ചുള്ള പട്ടിക</u>**

| തൊഴിൽ മേഖല | കോഴ്സുകൾ |
|---|---|
| Agriculture | Mushroom Grower |
| Agriculture | Micro Irrigation Technician |
| Agriculture | Organic Grower |
| Apparel | Self employed tailor |
| Apparel | Sewing Machine Operator |
| Apparel | Hand Embroiderer |
| Automotive | Automotive Service Technician Level 4 |
| Beauty and Wellness | Beauty Therapist |
| Beauty and Wellness | Assistant Beauty Therapist |
| BFSI | Goods & Services Tax (GST) Accounts Assistant |
| BFSI | Accounts Executive |
| Capital Goods | Fitter Fabrication |
| Capital Goods | Fitter-Electrical and Electronic Assembly |
| Capital Goods | Fitter Mechanical Assembly |

| | |
|---|---|
| Construction | Assistant Electrician |
| Electronics | Field Technician Computing and Peripherals |
| Electronics | Field Technician other Home Appliances |
| Electronics | IT Coordinator in school |
| Electronics | Field Engineer RACW |
| Electronics | Field Technician Networking and storage |
| Electronics | Mobile Phone Hardware Repair Technician |
| Electronics and Hardware | Field Technician – Computing and Peripherals |
| Electronics and Hardware | CCTV Installation Technician |
| Electronics and Hardware | Mobile Phone Hardware Repair Technician |
| Electronics and Hardware | Field Technician-Networking and Storage |
| Green Jobs | Solar PV Installer - Electrical |
| Healthcare | General Duty Assistant |
| Healthcare | Pharmacy Assistant |
| IT-ITes | Domestic Data Entry |
| IT-ITes | CRM Domestic Voice |
| IT-ITes | CRM Domestic Non-Voice |
| IT-ITes | Junior Software Developer |
| Logistics | Warehouse Picker |
| Logistics | Warehouse Packer |
| Logistics | Documentation Assistant |
| Logistics | Courier Delivery Executive |
| Logistics | Consignment Booking Assistant |
| Logistics | Inventory Clerk |
| Media and Entertainment | Animator |
| Plumbing | Plumber (General) |
| Plumbing | Plumber (After Sales Services) |
| Power | Distribution Lineman |
| Retail | Retail Team Leader |
| Retail | Retail Sales Associates |

| | |
|---|---|
| Retail | Retail Trainee Associate |
| Retail | Trainee Associate |
| Telecom | Broadband Technician |
| Telecom | Customer Care Executive-Call center |
| Telecom | Customer Care Executive-(Telecom Call Center) |
| Telecom | Telecom-Tower Technician |
| Telecom | Handset Repari Engineer-II |
| Tourism & Hospitality | Meet and Greet Officer |
| Tourism & Hospitality | Front Office Associate |
| Tourism & Hospitality | Counter Sales Executive |
| Tourism & Hospitality | Front Office Executive |
| Tourism & Hospitality | F & B Service : Steward |
| Tourism & Hospitality | Multi Cuisene Cook |
| Tourism & Hospitality | Housekeeping Attendant (Manual Cleaning) |
| Tourism & Hospitality | Room Attendant |

## ശിപാർശ

ഗൾഫ്/ യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ലഭിക്കുന്ന നഴ്സുമാർക്ക് പ്രസ്തുത രാജ്യത്തെ ഭാഷാ പരീക്ഷ പാസാകുന്നതിനായി പ്രത്യേക ഫാക്കൽറ്റിയെ നിയമിച്ച് കമ്പ്യൂട്ടർ മുഖാന്തിരം ഭാഷ പഠിപ്പിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് വളരെയധികം ജോലി സാധ്യതകളാണുള്ളതെന്ന് നിരീക്ഷിച്ച സമിതി ഇതുമായി ബന്ധപ്പെട്ട് വിപുലമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-10)

## സർക്കാർ സ്വീകരിച്ച നടപടി

ഗൾഫ്/ യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ലഭിക്കുന്ന നഴ്സ്മാർക്ക് ഭാഷാ പരിശീലനത്തിന്റെ ആവശ്യകതയുണ്ടെന്ന് മനസ്സിലാക്കുകയും അതിനായി ODEPC യുമായി ചേർന്ന് കൊണ്ട് ഒരു മികവിന്റെ കേന്ദ്രമായ MULTI LANGUAGE

LEARNING CENTRE അങ്കമാലിയിലും, കോഴിക്കോട്ടുമായി ആരംഭിച്ചു. കൂടാതെ 220 പേർക്ക് OET/IELTS പരീക്ഷ നടത്താനുള്ള സൗകര്യവും സൗണ്ട് പ്രൂഫ് ഫെസിലിറ്റിയുമുള്ള 22 മുറികളും ഉള്ള ഒരു OET ടെസ്റ്റിംഗ് കേന്ദ്രവും ആരംഭിച്ചു കഴിഞ്ഞു.

## ശിപാർശ

കെ.എസ്.ഐ.ഡി.യിൽ ആകെ 30 സീറ്റുകളാണുള്ളതെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അഫിലിയേഷൻ കെ.എസ്.ഐ.ഡി.ക്ക് ഇല്ലാത്തതിനാൽ പി.ജി. ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്നുവെന്നതാണ് സ്ഥാപനം നേരിടുന്ന എറ്റവും വലിയ പ്രശ്നമെന്ന് സമിതി വിലയിരുത്തി. കോഴ്സ് പാസാകുന്നതിനു മുൻപു തന്നെ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നതു കൊണ്ടാണ് അഫിലിയേഷൻ സംബന്ധിച്ച് ഇതുവരെ പ്രശ്നമുണ്ടാകാതെയിരുന്നതെന്നും എന്നാൽ കഴിഞ്ഞ 2 വർഷമായി കുട്ടികൾ ഉയർന്ന ജോലിക്കുവേണ്ടി ശ്രമിക്കുന്നതിനാൽ അഫിലിയേഷൻ ഇല്ലാത്തതിനെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. തൊഴിൽ മേഖലയിൽ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു വലിയ സ്ഥാപനമായി മാറ്റിയെടുക്കണമെന്ന് ഉദ്ദേശിച്ചാണ് KSID ആരംഭിച്ചതെന്നും 2013-ൽ ഇത് KASE ന്റെ ഭാഗമായി മാറ്റിയെങ്കിലും മുൻപുള്ള നില ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണെന്നും ടി സ്ഥാപനത്തിന് ഇപ്പോൾ സ്വതന്ത്രപദവിയില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിക്കായി 2019-ൽ പാർലമെന്റ് പാസ്സാക്കിയ എൻ.ഐ.ഡി. ആക്ട് (National Institute of Design) ന്റെ മാതൃകയിൽ കെ.എസ്.ഐ.ഡി.നിയമം പാസ്സാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18 )

## സർക്കാർ സ്വീകരിച്ച നടപടി

ഭരണഘടനയിലെ പട്ടിക 7-ലെ ലിസ്റ്റ് 1 ഉൾക്കുറിപ്പ് 65-ലെ വ്യവസ്ഥ പ്രകാരം

സാങ്കേതിക പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്കില്ല. ആയതിനാൽ 2019-ൽ പാർലമെന്റ് പാസ്സാക്കിയ എൻ.ഐ.ഡി ആക്ട് (National Institute of Design) ന്റെ മാതൃകയിൽ കെ.എസ്.ഐ.ഡി.നിയമം പാസ്സാക്കുന്നതിന് നിയമസഭയ്ക്ക് സാധിക്കില്ല.

## ശിപാർശ

ഗ്രാമീണ മേഖലയിലെ യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനായി വിവിധയിനം പരിശീലന പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിൽ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കോഴിക്കോട്ടും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കോഴിക്കോട് മാനാഞ്ചിറ പബ്ളിക് ലൈബ്രറിയിൽനിന്നും കൗശൽ കേന്ദ്ര മാറ്റി സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നുവെന്ന് മനസ്സിലാക്കിയ സമിതി ടി സ്ഥാപനം വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ പബ്ളിക് ലൈബ്രറിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗശൽ കേന്ദ്ര സെന്റർ പാളയം BSNL കെട്ടിടത്തിലേക്ക് 17/02/2021-ൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കൗശൽ കേന്ദ്ര സെന്ററുകൾ തുടങ്ങുന്നതു സംബന്ധിച്ച വിഷയത്തിൽ കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമേ സമിതിക്ക് ലഭ്യമാക്കിയിട്ടുള്ളൂ എന്നതിനാൽ ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

## സർക്കാർ ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്

ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് ആയി ലോകോത്തര പരിശീലനം കൂടുതൽ പ്രയോജനകരമായ രീതിയിൽ നല്കുന്നതിനു വേണ്ടി ആണ് കൗശൽ കേന്ദ്ര തുടങ്ങിയത്. നിലവിൽ കൗശൽ കേന്ദ്രയിൽ ലാംഗ്വേജ് ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെന്റ് സെൽ, ഡിജിറ്റൽ ലൈബ്രറി, അസ്സെസ്സ്മെന്റ് & കൗൺസിലിംഗ് സെന്റർ, മൾട്ടിസ്കിൽ സെന്റർ എന്നീ സേവനങ്ങളാണ് ലഭ്യമാക്കുന്നത്.

കൗശൽ കേന്ദ്രയുടെ സെന്ററുകൾ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാടും കോഴിക്കോട് ജില്ലയിലെ പാളയത്തും നിലവിൽ പ്രവർത്തിച്ചുവരുന്നു

കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ഉടമസ്ഥതയിലുള്ള വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തനം ആരംഭിക്കുന്ന കൗശൽ കേന്ദ്ര സെന്ററിന്റെ ഉദ്ഘാടനം ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലുംനൈപുണ്യവും വകുപ്പ് മന്ത്രി 17/11/2022 തീയതി ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി.

പത്തനംതിട്ട, തിരുവനന്തപുരം, ആലപ്പുഴ, വയനാട് ജില്ലകളിൽ കൗശൽ കേന്ദ്രക്കുവേണ്ടി തിരഞ്ഞെടുത്ത കെട്ടിടങ്ങളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ തലശ്ശേരി, മലപ്പുറം ജില്ലയിലെ പൊന്നാനി, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, എറണാകുളം ജില്ലയിലെ കളമശ്ശേരി, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ , ഇടുക്കി ജില്ലയിലെ ദേവികുളം എന്നീ നിയോജക മണ്ഡലങ്ങളിൽ കൗശൽ കേന്ദ്ര തുടങ്ങുവാനുള്ള അനുമതി നൽകിയിട്ടുണ്ട് . ഇതുവരെ കൗശൽ കേന്ദ്രകളിൽ 21360 കുട്ടികൾക്ക് ട്രെയിനിംഗ് നൽകുകയുണ്ടായി.

## ശിപാർശ

പത്ത് ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന KIIFB പദ്ധതിയുടെ ടെക്നിക്കൽ അനുമതി (TS) നൽകുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. ഗവൺമെന്റ് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയാണ് TS നൽകുന്നത്. മലമ്പുഴ, കൊയിലാണ്ടി, ധനുവച്ചപുരം എന്നിവിടങ്ങളിലെ ഐ.ടി.ഐകൾക്കാണ് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചതെന്നും അവയുടെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കയാണെന്നും ബാക്കി 7 ഐ.ടി.ഐകളുടെയും സ്ട്രക്ചറൽ വെറ്റിംഗ് നടന്നുവരുന്നുവെന്നും തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജാണ് പ്രവൃത്തി നടത്തുന്നതെന്നും രണ്ട് ഐ.ടി.ഐ.കളുടെ സ്ട്രക്ചറൽ വെറ്റിംഗ് കഴിഞ്ഞിട്ടുണ്ടെന്നും വെറ്റിംഗ് കഴിഞ്ഞുവരുന്ന മുറയ്ക്ക് മറ്റ് നടപടികൾ ഒരു മാസം കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. 2019 മാർച്ച് മാസത്തിൽ KIIFB -ൽ ഉൾപ്പെടുത്തുന്നതിനു മുമ്പ് 2016 ഡിസംബറിൽ 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ തീരുമാനമെടുത്തിട്ടും നാളിതുവരെയായി ഒരു ഐ.ടി.ഐ-യുടെ വർക്കും പോലും തുടങ്ങാൻ സാധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ഇത്തരം പദ്ധതികൾ നടപ്പിലാക്കാതെ നീട്ടികൊണ്ട് പോകുന്നത് ഗുണകരമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതു സംബന്ധിച്ച പ്രവർത്തികൾ അടിയന്തിരമായി പൂർത്തികരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35 )

## സർക്കാർ സ്വീകരിച്ച നടപടി

പത്ത് ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന KIIFB പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ള കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി KIIFB യിൽ സമർപ്പിക്കുകയും അതിന്മേൽ KIIFB 82.5 കോടി രൂപയുടെ പദ്ധതിയ്ക്ക്

അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിയിൽ ഉൾപ്പെട്ട 10 ഐ.ടി.ഐ.കളിൽ കയ്യൂർ ഒഴികെ 9 ഐ.ടി.ഐ.കളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പ് വയ്ക്കുകയും 8 ഐ.ടി.ഐ.കളിൽ നിർമ്മാണം പുരോഗമിച്ച് വരുകയും ചെയ്യുന്നു. ചാലക്കുടി ഐ.ടി.ഐ.യിൽ പ്രൊപ്പോസ്ഡ് ബിൽഡിംഗ് നിലവിലുള്ള സൈറ്റിൽ ഉൾകൊള്ളിക്കാൻ കഴിയാത്തതിനാൽ ബിൽഡിംഗ് റീ ഡിസൈൻ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ് കയ്യൂർ ഐ.ടി.ഐ.യിൽ 4 തവണ ടെണ്ടർ ചെയ്തിട്ടും കരാർ ഒപ്പ് വയ്ക്കാൻ കഴിയാത്തതിനാൽ റീടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്ന പത്ത് ഐ.ടിഐ.കൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉൾപ്പെടെ ഓരോ ഐ.ടി.ഐ.യുടെയും 100% പ്രവർത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും, പണി പൂർത്തിയാക്കാനുള്ള തടസ്സമെന്തെന്നും വിശദമാക്കുന്ന റിപ്പോർട്ട് അടുത്ത സമിതി യോഗത്തിനു മുൻപ് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും മലമ്പുഴ ഐ.ടിഐയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നുള്ള പരാതികൾ നിലനിൽക്കുന്നതിനാൽ മന്ത്രി തലത്തിൽ ഒരു യോഗം വിളിച്ച് അവലോകനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ KGTE നടപ്പിലാക്കുന്ന NSQF ഉൾപ്പെടുന്ന പന്ത്രണ്ടോളം കോഴ്സുകൾക്കുള്ള അദ്ധ്യാപകരെ തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ചും ഓരോ കോഴ്സിന്റെയും പ്രയോജനങ്ങളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് അടുത്ത സമിതി യോഗത്തിന് മുൻപ് ലഭ്യമാക്കണമെന്നും നിലവിലെ സാധ്യതകൾക്കനുസരിച്ചുള്ള കോഴ്സുകൾ തെരെഞ്ഞെടുക്കുകയും കാർഷിക മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായും ന്യൂജൻഇൻഡസ്ട്രീസ് സഹായകരമായ രീതിയിലുള്ളതുമായ കോഴ്സുകൾ ഉൾപ്പെടുത്തുകയും ചെയ്യണമെന്നും സ്ഥാപനത്തിന് ആവശ്യമുള്ള കാര്യങ്ങൾ മനസ്സിലാക്കി അതിനനുസൃതമായ കോഴ്സുകൾ ഉൾപ്പെടുത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി

സമിതിക്ക് നൽകണമെന്നും തുടർന്ന് ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

## സർക്കാർ ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്ന പത്ത് ഐ.ടി.ഐ.കളുടെ വിവരങ്ങൾ ഉൾപ്പെടെ ഓരോ ഐ.ടി.ഐ.യുടെയും 100% പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും, പണി പൂർത്തിയാക്കാനുള്ള തടസ്സമെന്തെന്നും വിശദമാക്കുന്ന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐ.ടി.ഐ. | പുരോഗതി | നിർമ്മാണം പൂർത്തീകരി-ക്കാൻ ഉദ്ദേശിക്കുന്ന തീയതി | സ്ഥിതി വിവരണം | തടസ്സങ്ങൾ |
|---|---|---|---|---|---|
| 1. | ഗവ. ഐ.ടി.ഐ., ധനുവച്ചപുരം | 2022 ഓഗസ്റ്റ് 12-ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു | | | |
| 2. | ഗവ. ഐ.ടി.ഐ., ചന്ദനത്തോപ്പ്, കൊല്ലം | 85% | 31.12.2022 | നിലവിൽ മെയിൻ ബ്ലോക്കിലെ സിവിൽ വർക്ക് ഏറെക്കുറെ പൂർത്തീകരിച്ചു. RCC വർക്ക്,പ്ലാസ്റ്ററിങ് പെയിന്റിംഗ് വർക്ക്, വിന്ഡോയും ഡോറും ഫിക്സിങ് വർക്കും പൂർത്തിയാക്കി. അവസാനഘട്ടം പെയിന്റിംഗ് വർക്ക് പുരോഗമിച്ചുവരുന്നു. | ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ലഭിക്കായ്ക അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം |
| 3. | ഗവ. ഐ.ടി.ഐ., ചെങ്ങന്നൂർ, ആലപ്പുഴ | 42% | 30.06.2023 | മെയിൻ ബിൽഡിംഗ് രണ്ടാം നിലയിലെ സ്ളാബ് വർക്ക് പുരോഗമിക്കുന്നു. ഹോസ്റ്റൽ ബിൽഡിങ്ങിൽ ടെറൻസ് ഫ്ലോർ റൂഫ് വർക്ക് പുരോഗമിക്കുന്നു. | അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം |

| | | | | | |
|---|---|---|---|---|---|
| 4. | ഗവ. ഐ.ടി.ഐ., ഏറ്റുമാനൂർ, കോട്ടയം | 95% | 18.02.2023 | മെയിൻ ബിൽഡിംഗ് ബ്ലോക്ക്, സ്മാർട്ട് ക്ലാസ്സുറികൾ, കോൺഫറൻസ് HVAC (HVAC Heating, Ventilating, and air conditioning system), സെക്യൂരിറ്റി കാബിനോട്ടുകൂടിയ കവാടം, മഴവെള്ള സംഭരണ സംവിധാനം, ആധുനിക സുരക്ഷാ സംവിധാനമായ മിന്നൽ രക്ഷാചാലകം, അഗ്നിരക്ഷാ സംവിധാനങ്ങൾ, നല്ല ഗുണമേന്മയിലുള്ള ഫർണിച്ചറുകൾ എന്നീ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയായി | |
| 5. | ഗവ. ഐ.ടി.ഐ., കട്ടപ്പന, ഇടുക്കി | 63% | 30.01.2023 | മെയിൻ ബിൽഡിങ്ങിൽ RCC വർക്കുകൾ പൂർത്തീകരിച്ചു പെയിന്റിംഗ് വർക്കുകൾ 40% പൂർത്തിയായി | ടെക്നിക്കൾ കമ്മിറ്റിയുടെ സേവനം ലഭിക്കായ്ക അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം. |
| 6. | ഗവ. ഐ.ടി.ഐ., ചാലക്കുടി, തൃശ്ശൂർ | പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 28.10.2020-ന് M/s SITCO Associates-യുമായി കരാർ ഒപ്പു വെക്കുകയും ചെയ്തു. ഡിസൈൻ അപാകത മൂലം, കോൺട്രാക്ട് എഗ്രിമെന്റ് 02.05.2021-ൽ ഫോർക്ലോസ് ചെയ്തു. ബിൽഡിംഗ് റീഡിസൈൻ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. | | | അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം.<br><br>ഡിസൈൻ അപാകത |
| 7. | ഗവ. ഐ.ടി.ഐ., മലമ്പുഴ, പാലക്കാട് | 78% | 30.03.2023 | മെയിൻ ബിൽഡിംഗ് RCC വർക്ക് പൂർത്തീകരിച്ചു. AAC ബ്ലോക്ക് വർക്കും, പ്ലാസ്റ്ററിങ് വർക്കും | ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ലഭിക്കായ്ക |

| | | | | | |
|---|---|---|---|---|---|
| | | | | ഇലക്ട്രിക്കൽ വർക്കും പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ DG സെറ്റ് വർക്കും പാനൽ ഇൻസ്റ്റലേഷൻ വർക്കും റോഡ് വർക്കും ആരംഭിച്ചു. | അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം. |
| 8. | ഗവ. ഐ.ടി.ഐ., കൊയിലാണ്ടി, കോഴിക്കോട് | 90% | 31.12.2022 | നിലവിൽ, മെയിൻ ബിൽഡിംഗ് ബ്ലോക്ക് സിവിൽ വർക്ക് പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ, ELV, HVAC, പ്ലംബിംഗ്, റോഡ് വർക്ക് എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു | അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം |
| 9. | ഗവ. ഐ.ടി.ഐ., കണ്ണൂർ | 67% | 31.01.2023 | നിലവിൽ മെയിൻ ബിൽഡിംഗ് ബ്ലോക്ക് സിവിൽ വർക്ക് പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ, ELV, HVAC, പ്ലംബിംഗ്, റോഡ് വർക്ക് എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു | ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ലഭിക്കായ്ക<br><br>അപക്വമായ പ്രാരംഭ ഡിസൈനിന്റെ സഞ്ചിത സ്വാധീനം |
| 10. | ഇ.കെ. നായനാർ മെമ്മോറിയൽ ഗവ. ഐ.ടി.ഐ. കയ്യൂർ, കാസർഗോഡ് | ടെൻഡർ നടപടികൾ അനേകം പ്രാവശ്യം പൂർത്തീകരിച്ചിട്ടും കരാർ ഒപ്പുവെക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ പ്രാബല്യത്തിലുള്ള 2018 DSR നിരക്കുകൾക്കു അനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നേടി. KIIFB-യുടെ അനുമതി കിട്ടുന്ന മുറയ്ക്ക്, പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.<br><br>പുതുക്കിയ എസ്റ്റിമേറ്റ് KIIFB-യുടെ അനുമതിക്ക് സമർപ്പിച്ചിരിക്കുന്നു. | | | |

**<u>നിലവിലെ സാധ്യതകൾക്ക് അനുസരിച്ചുള്ള കോഴ്സുകൾ കണ്ടെത്തുന്നത് സംബന്ധിച്ച്</u>**

വികേന്ദ്രിക നൈപുണ്യ പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന തൊഴിൽ സഭകളിൽ നിന്നും ലഭിക്കുന്ന ആവശ്യങ്ങൾക്ക് അനുസരിച്ച് വിവിധ

നൈപുണ്യ പരിശീലന പദ്ധതികൾ നൽകുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ജില്ലാ സ്കിൽ കമ്മിറ്റികൾ മുഖേന തയ്യാറാക്കപ്പെടുന്ന നൈപുണ്യ പരിശീലന പദ്ധതിക്ക് അനുസരിച്ചുള്ള കോഴ്സുകളും KASE നൽകുന്നതാണ്. സംസ്ഥാന Skill Gap കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കാൻ സഹായകമാകുന്ന രീതിയിൽ ഒരു Skill Gap Study നടത്തുന്നതിനും KASE വിഭാവനം ചെയ്തിട്ടുണ്ട്.

## ശിപാർശ

സ്കിൽ രജിസ്ട്രിയിലേക്ക് പ്രാദേശിക തലത്തിലെ വിവിധ മേഖലകളിൽ ട്രയിനിംഗ് സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത വിദഗ്ധ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നുണ്ടെന്നും അതാതു മേഖലയിലെ അവരുടെ പ്രവൃത്തി പരിചയം കൂടി വിലയിരുത്തി പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാർഡ് തലത്തിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നടപടികളും പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39 )

## സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ പ്രാദേശിക തലത്തിൽ ട്രെയിനിംഗ് സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത വിദഗ്ധ തൊഴിലാളികളെ അവരുടെ മേഖലയിലെ പ്രവർത്തി പരിചയം വിലയിരുത്തി പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാർഡ് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മുഖേനയാണ് നൽകുന്നത്. ഈ സർട്ടിഫിക്കറ്റ് മുഖേന തൊഴിലാളികൾക്ക് സ്കിൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യാവുന്നതുമാണ്. കേരളത്തിലെ 14 ജില്ലകളിലെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് സ്കിൽ രജിസ്ട്രിയെക്കുറിച്ച് അവബോധം നൽകിയിരുന്നു. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തിലും രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുവാനും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഗ്രാമ പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ടിനെ സ്കിൽ രജിസ്ട്രിയുടെ നോഡൽ ഓഫീസറായി നിയമിച്ചു കഴിഞ്ഞു.

## ശിപാർശ

സംസ്ഥാന വിവിധ കോളേജുകൾക്ക് ജോബ് പോർട്ടലിലേയ്ക്ക് ഒറ്റത്തവണ രജിസ്റ്റർ ചെയ്തുകൊണ്ട് തന്നെ അവിടെ പഠിച്ചിറങ്ങുന്ന കുട്ടികളുടെ വിവരങ്ങൾ പോർട്ടലിൽ ഉൾക്കൊള്ളിക്കാനും ഇതിലൂടെ ഈ സേവനം കൂടുതൽ ഉദ്യോഗാർത്ഥികളിലേക്ക് എത്തിക്കാനും സാധിക്കുമെന്നും ഇതോടൊപ്പം വിവിധ യൂണിവേഴ്സിറ്റികളെയും ഇതുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40 )

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന വിവിധ കോളേജുകളെ സ്റ്റേറ്റ് ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് 104 വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്റ്റേറ്റ് ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തു. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഡാറ്റാബേസ് സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. ഇതിലൂടെ കേരളത്തിൽ ഉടനീളമുള്ള വിവിധ സർവകലാശാലകളിൽ നിന്നും പാസാകുന്ന വിദ്യാർത്ഥികളുടെ പ്രാഥമിക രജിസ്ട്രേഷൻ പോർട്ടലിൽ പൂർത്തിയാകും.

## ശിപാർശ

ഡിജിലോക്കർ ഫെസിലിറ്റി, ഡാറ്റാ അനാലിസിസ്, എ.പി.ഐ. ഇന്റഗ്രേഷൻ എക്രോസ്സ് പ്ലാറ്റ്ഫോംസ് മാനേജ്മെന്റ് സിസ്റ്റംസ്, ജോബ് ബ്ലോഗ്സ് തുടങ്ങിയ സംവിധാനങ്ങൾ കൂടി ജോബ് പോർട്ടലിനൊപ്പം വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി KASE-ന്റെ പരിഗണനയിലുണ്ടെന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41 )

## സർക്കാർ സ്വീകരിച്ച നടപടി

ഡിജിലോക്കർ ഫെസിലിറ്റി, ഡാറ്റാ അനാലിസിസ്, എ.പി.ഐ. ഇന്റഗ്രേഷൻ എക്രോസ്സ് പ്ലാറ്റ്ഫോംസ് മാനേജ്മെന്റ് സിസ്റ്റംസ്, ജോബ് ബ്ലോഗ്സ് തുടങ്ങിയ സംവിധാനങ്ങൾ ജോബ് പോർട്ടലിൽ ഏകോപിപ്പിച്ചിട്ടുണ്ട്.

## ശിപാർശ

K A S E മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ സി.ഡി.സി,. ജോബ് പോർട്ടൽ, KSID, NICE എന്നിവയുടെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ മാത്രം ചർച്ച ചെയ്യപ്പെടുന്ന വിഷയമായി മാറാതെ ഇതു സംബന്ധിച്ച വിവരങ്ങൾ ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും വഴി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42 )

## സർക്കാർ സ്വീകരിച്ച നടപടി

K A S E മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ദൃശ്യ മാധ്യമങ്ങൾ വഴിയും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വഴിയും പരസ്യ പ്രചരണങ്ങൾ നടത്തിവരുന്നു.

## ശിപാർശ

വൈവിധ്യവും തൊഴിൽ സാധ്യതയേറിയതുമായ ലോജിസ്റ്റിക് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിസൈൻ, ലാംഗ്വേജ് ട്രാൻസലേഷൻ സ്കിൽസ് തുടങ്ങി പുതിയ മേഖലകളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43 )

## സർക്കാർ സ്വീകരിച്ച നടപടി

Renewal Energy, Language Training Entrepreneurship Development- എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പുതിയ മേഖലകളായ ഡിസൈൻ, മാനേജ്മെന്റ്, ലോജിസ്റ്റിക് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ് .

## ശിപാർശ

സ്കിൽ ഡവലപ്മെന്റിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന പരിഗണനയ്ക്കനുസരിച്ച് KASE-ന്റെ എല്ലാ സംവിധാനങ്ങളും ശക്തിപ്പെടുത്തണമെന്നും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44 )

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ മേഖലകളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

ശ്രീ. കെ. കൃഷ്ണൻകുട്ടി,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി VII.

# അനുബന്ധം

## 12.04.2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2022 ഏപ്രിൽ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ. വാഴൂർ സോമൻ, എം. എൽ. എ

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :**

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ. ചിത്ര എസ്., ലേബർ കമ്മീഷണർ
2. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
3. ശ്രീ. സുരേഷ് കുമാർ എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി വി. ആർ. രാജമ്മ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ശ്രീകല സി. എസ്., അഡീഷണൽ സെക്രട്ടറി,തൊഴിലും നൈപുണ്യവും വകുപ്പ്
6. ശ്രീമതി എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
7. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്
8. ഡോ. മാലിനി എസ്., ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ഡിപ്പാർട്ടുമെന്റ്

9. ശ്രീ. എം. എസ്. നെഹാസ്, അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്,
ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്

10. ശ്രീമതി സുനീജ ബീഗം എം., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ്) വകുപ്പ്

11. ശ്രീമതി ദീപ ശിവദാസൻ, ഡെപ്യൂട്ടി സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

12. ശ്രീ. ജോർജ്ജ് ഫ്രാൻസിസ് എം. എ., ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ്
ഡയറക്ടറേറ്റ്

13. ശ്രീ. പി. കെ. മോഹൻദാസ്, ഡെപ്യൂട്ടി ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്

14. ശ്രീ. ഉദയൻ സി. സി., ഫിനാൻസ് ഓഫീസർ, KASE

15. ശ്രീ. എം. കെ. സുരഭിഷ് ബാബു, ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ
സർവ്വീസസ് ഡിപ്പാർട്ടുമെന്റ്

16. ശ്രീ. കിരൺ ജെ. എൻ., സീനിയർ ഫെലോ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ -
ആൻഡ് എംപ്ലോയ്മെന്റ് (KILE)

17. ശ്രീ. അനിൽ കുമാർ എസ്., മാനേജർ, ഓവർസീസ് ഡെവലപ്പ്മെന്റ് &
എംപ്ലോയ്മെന്റ്
പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)

18. ശ്രീ. സുബിൻ ദാസ് എസ്., മാനേജർ (ഓപ്പറേഷൻസ്), KASE.

<u>**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥൻ :**</u>

ശ്രീ. കെ. ഗോപാലകൃഷ്ണൻ, ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXIV, XVII, XVIII എന്നിവ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIV

### തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

### (തൊഴിലും നൈപുണ്യവും വകുപ്പ്)

2230-01-001-99- ഭരണവും നടത്തിപ്പും

ലേബർ കമ്മീഷണറുടെ ഓഫീസിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, വെള്ളക്കരം [05(1)] ഇനത്തിൽ 1.25 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-001-98 - ജില്ലാ ആഫീസുകൾ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാഹനങ്ങളുടെ വാടക[97] ഇനത്തിൽ 6 ലക്ഷം രൂപയും, വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് ജില്ലാ ആഫീസുകൾക്ക് സ്വന്തമായി വാഹനമില്ലെന്നും വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കണമെന്നതാണ് ധനകാര്യവകുപ്പിന്റെ ഉത്തരവ് എന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ധനകാര്യ വകുപ്പിന്റെ

ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പുതിയ വാഹനം വാങ്ങുന്നതാണ് അഭികാമ്യമെന്ന് അഭിപ്രായപ്പെട്ട സമിതി ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചപ്പോൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിക്ക് ഉറപ്പു നൽകി.

2230-01-001-95-34-3- <u>കേരളത്തിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം</u>

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം, പരിപാലനം, നവീകരണം, അവാർഡ് വിതരണം മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-99 - <u>കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്</u>

പ്രസ്തുത ശീർഷകം പരിഗണിക്കവേ, കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്കുള്ള യാത്രാബത്തയും ഓണറേറിയവും നൽകുന്നതിനാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും കോവിഡ് കാലഘട്ടമായതിനാൽ യോഗങ്ങൾ ചേരുന്നത് കുറവായിരുന്നുവെന്നും ആയതുകൊണ്ടാണ് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലേയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ, ഇന്ധനം എന്നീ ഇനങ്ങളിൽ

വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 3.5 ലക്ഷം രൂപയും തൊഴിൽ- പരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] എന്ന ഇനത്തിൽ 0.5 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 0.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-98- <u>പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്</u>

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ്ചെലവുകൾ, ഇന്ധനം, വിവരസാങ്കേതികവിദ്യ, എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-99 - <u>പൊതുവായ തൊഴിൽക്ഷേമം - ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)</u>

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 3 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-89- തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

തൊഴിൽ വകുപ്പിന്റെ ആധുനികവത്ക്കരണം, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബയോ-മെട്രിക് പഞ്ചിംഗ്/തൊഴിൽ വകുപ്പ് നവീകരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ, AIIS സോഫ്റ്റ്‌വെയർ പരിഷ്കരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-88-10– കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 7.5720 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-87-10 - പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്-ഗ്രേഷ്യ വിതരണത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-79-10 - കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ

ഗ്രാന്റ് കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 47.8679 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-72-10 - കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം-സംഭാവന

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശികയുള്ളതിനാൽ അധികമായി ആവശ്യപ്പെട്ട 50 കോടി രൂപ പര്യാപ്തമാകുമോയെന്ന് സമിതി ആരാഞ്ഞപ്പോൾ കഴിഞ്ഞ വർഷത്തെ തുകയുമായി താരതമ്യം ചെയ്താണ് നടപ്പ്- സാമ്പത്തിക വർഷം തുക വകയിരുത്തുന്നതെന്നും ബോർഡുകൾക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആക്ട് പാസാക്കുകയും ചെയ്തതിനാലും ബോർഡിന് ഇപ്പോൾ പ്രതിമാസം ഏകദേശം 30 കോടി രൂപ വരുമാനം ലഭിക്കുമെന്നതിനാലും രണ്ട് വർഷത്തിനകം മുഴുവൻ കുടിശ്ശികയും തൊഴിലാളികൾക്ക് അനുവദിച്ചുനൽകാൻ സാധിക്കുമെന്നും കുടിശ്ശിക തുക നൽകാൻ സാധിച്ചില്ലെങ്കിൽ വീണ്ടും അഡീഷണൽ ആതറൈസേഷൻ വഴി തുക ആവശ്യപ്പെടാവുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-62-10 - പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-60 – <u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ</u>

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള 3 വ്യത്യസ്ത കർമ്മപദ്ധതികൾക്കും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-34-10 - <u>കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമനിധി പദ്ധതി-സംഭാവന</u>

കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4250-00-201-92 - <u>മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം</u>

പ്രസ്തുത ശീർഷകം പരിഗണിക്കവേ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കാൻ സാധിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നത് കുന്നിന്റെ മുകളിലായതിനാൽ മണ്ണെടുത്ത് മാറ്റുന്നതിനുള്ള അനുമതി കളക്ടറേറ്റിൽ നിന്നും ലഭിക്കാത്തതുകൊണ്ട് കഴിഞ്ഞവർഷം നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടായിട്ടില്ലായെന്നും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ

ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-201-89 - അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയായ അപ്നാഘർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## വ്യാവസായിക പരിശീലന വകുപ്പ്

2230-03-001-99- ട്രെയിനിംഗ് ഡയറക്ടറേറ്റ്

ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.31 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 1.43 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-98- സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതചെലവ് [05(2)] ഇനത്തിൽ 1.16 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-89- <u>വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്</u>

വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റുകൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ശമ്പളം [01(1)] ഇനത്തിൽ 20 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് [01(3)] ഇനത്തിൽ 8 ലക്ഷം രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-003-98- <u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

തൊഴിലുകളുടെ വൈവിധ്യവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-003-97- <u>കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം</u>

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 0.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-99- <u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 20 ലക്ഷം രൂപയും,

യാത്രാബത്ത [04(1)] ഇനത്തിൽ 20 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 1 ലക്ഷം രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 20 ലക്ഷം രൂപയും, ഉൾപ്പെടെ ആകെ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-96 - വനിത വ്യാവസായിക പരിശീലന കേന്ദ്രം

പതിനാല് വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 10 ലക്ഷം രൂപയും ദിവസവേതനം [02(5)] ഇനത്തിൽ 1 കോടി രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 15 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 0.75 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 3 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 3 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 10 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ [28] ഇനത്തിൽ 10 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 1.5 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 8 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 1.6625 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-76- വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്. കളമശ്ശേരി എന്ന

സ്ഥാപനത്തിന് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2.42 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-70 - <u>ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി</u>

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ.കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-102-99- <u>ദേശീയ തൊഴിലഭ്യസന പരിപാടികൾ</u>

വകുപ്പിന് കീഴിലെ 9 ആർ.ഐ.സെന്ററുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്മെന്റ് നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ മെഡിക്കൽ റീ-ഇംബേഴ്മെന്റ് [01(4)] ഇനത്തിൽ 11.55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-203-99- <u>ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ. ടി. ഐ. കൾ ശക്തിപ്പെടുത്തൽ</u>

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ. കൾക്കുള്ള ഉപകരണ സംഭരണത്തിന് അനുവദിച്ച തുക

അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

2230-01-102-99 – ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം [01(1)], യാത്രാബത്ത [04(1)], ഓഫീസ് ചെലവുകൾ [05], വാടക, കരം, നികുതി [06], മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും [21(2)], പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-95 – ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

ഈ ശീർഷകത്തിൽ ശമ്പളം [01(1)], യാത്രാബത്ത [04(1)], ഓഫീസ് ചെലവിനങ്ങൾ [05], മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [21(2)], പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 52.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

2230-02-101-93-33 – എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)- സബ്സിഡികൾ

കഴിഞ്ഞ വർഷം അധികമായി ആവശ്യപ്പെട്ട തുകയ്ക്ക് സമർപ്പിച്ചിരുന്ന

പ്രൊപ്പോസൽ ധനകാര്യവകുപ്പ് നിരസിച്ചുവെന്നും കഴിഞ്ഞവർഷം ലഭ്യമായ 6 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും 2020-21-ൽ 36 കോടി രൂപ വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്ന് ലോണെടുത്താണ് 7332 ഭിന്നശേഷിക്കാർക്ക് തൊഴിൽ ആരംഭിക്കുന്നതിന് 50,000 രൂപ വീതം പലിശരഹിത വായ്പയായി നൽകിയതെന്നും ടി തുക സംബ്സിഡിയായും ലോണായുമാണ് അനുവദിച്ചതെന്നും ആയതിന്റെ തിരിച്ചടവിലേയ്ക്കായി 2022-23 സാമ്പത്തിക വർഷം 7 കോടി രൂപയും കൈവല്യ പദ്ധതിയുടെ ഭാഗമായി ലഭിച്ച 1300-ഓളം അപേക്ഷകളിന്മേൽ സ്വയംതൊഴിൽ വായ്പയായി 50,000 രൂപ വീതം നൽകുന്നതിന് 6.5 കോടി രൂപയും ഉൾപ്പെടെ ആകെ 13.5 കോടി രൂപ ആവശ്യമാണെങ്കിലും മുൻവർഷം ലഭിച്ച തുകയുടെ 15 ശതമാനം മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂവെന്ന് പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ട് 8 കോടി രൂപ ആവശ്യപ്പെട്ടതിൽ സബ്സിഡി ഹെഡ്ഡിൽ 3.3 കോടി രൂപയും ലോൺ ഹെഡ്ഡിൽ 3.3 കോടി രൂപയുമുൾപ്പെടെ 6.6 കോടി രൂപയാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിന്റെ ബാക്കി 1.4 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളതെന്നും കഴിഞ്ഞ വർഷം ലഭിച്ച തുകയുടെ 99.9 ശതമാനവും ചെലവഴിച്ചിട്ടുണ്ടെന്നും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-88– <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ</u>

നേമം, ചേലക്കര, വൈക്കം എന്നിവിടങ്ങളിലെ കരിയർ ഡവലപ്പ്മെന്റ്

സെന്ററുകളുടെയും ഇടുക്കി എംപ്ലോയിബിലിറ്റി സെന്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കും വകുപ്പിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെയും 11 എംപ്ലോയബിലിറ്റി സെന്ററുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6250-60-800-97– <u>കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ</u>

കൈവല്യ പദ്ധതി മുഖേന വായ്പ നൽകുന്നതിനും മുൻവായ്പകളുടെ കുടിശ്ശിക നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ)

2230-03-101-66-31- <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളം</u>

കിലെയിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.58 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-66-36- <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളേതരം</u>

കിലെയിൽ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി

പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-52- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിനെ (KILE) ദേശീയ തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കൽ

കിലെ കാമ്പസിനെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-51 - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) കോഴിക്കോട് ജില്ലയിലുള്ള പ്രാദേശിക കേന്ദ്രം

കിലെയുടെ പ്രവർത്തനം മലബാർ മേഖലയിലേക്ക് കൂടുതൽ വ്യാപിപ്പിക്കുന്നതിന് കോഴിക്കോട് റീജിയണൽ സെന്റർ ആരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ഒഡെപെക്**

2230-01-103-10 - ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

ഒഡെപെക്കിന്റെ 2022-2023 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ

നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന്ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

2230-01-101-93 – തൊഴിൽ കോടതി, കൊല്ലം

തൊഴിൽ കോടതി, കൊല്ലം എന്ന സ്ഥാപനത്തിന് അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.96 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.61 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 0.33 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.9 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-91 – തൊഴിൽ കോടതി, എറണാകുളം

തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന് ശമ്പളം [02(1)] ഇനത്തിൽ 0.5 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 0.72 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 0.14 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജ് [05(3)] ഇനത്തിൽ 0.13 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.24 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 0.23 ലക്ഷം രൂപയും പി.ഒ.എൽ [45] ഇനത്തിൽ 0.31 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 2.7364 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.0064 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-89 – ലേബർ കോടതി, കണ്ണൂർ

തൊഴിൽ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 1.16 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-86 – വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിന് യാത്രാബത്ത [04(1)] ഇനത്തിൽ 1.62 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.95 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.24 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 0.23 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 2.52 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-80-97- വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം-
വാഹനങ്ങളുടെ വാടക

വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ഈ ശീർഷകത്തിൽ വാഹനങ്ങളുടെ വാടക [97] എന്ന ഇനത്തിൽ 3.8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-79- വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് വൈദ്യുതിചെലവ് [05(2)] ഇനത്തിൽ 0.31 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 0.25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 0.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVII**

**വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം**

4202-02-800-95 -ഐ.ടി.ഐ. കെട്ടിടങ്ങൾ-മരാമത്തു പണികൾ

വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ.കൾക്കും സ്വന്തമായി

ഭൂമിയുള്ള ഐ.ടി.ഐ.കൾക്കും ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ്റൂം, വർക്ക്ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

## (ഇൻഷുറൻസ് മെഡിക്കൽ വിഭാഗം)

2210-01-102-99-99- <u>ഭരണവിഭാഗം - വിവരസാങ്കേതികവിദ്യ</u>

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിലും മറ്റ് ഭരണ സ്ഥാപനങ്ങളിലും ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി ഈ ശീർഷകത്തിൽ വിവരസാങ്കേതികവിദ്യ[99] ഇനത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2210-01-102-98-99- <u>ഡിസ്പെൻസറികൾ - വിവരസാങ്കേതികവിദ്യ</u>

ഡിസ്പെൻസറികളിൽ ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 7.19 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2210-01-102-96-<u>ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2022-23 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ

31.7379 കോടി രൂപയും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ [03] ഇനത്തിൽ 4.2155 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് [04] ഇനത്തിൽ 4.8496 കോടി രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 0.93 കോടി രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 7 കോടി രൂപയും ഇ.എസ്.ഐ പദ്ധതികൾക്ക് വൈദ്യസുരക്ഷ നൽകുന്നതിന് വേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 3.35 കോടി രൂപയും ഉൾപ്പെടെ ആകെ 52.083 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം രാവിലെ 11.50-ന് പിരിഞ്ഞു.

## 19.04.2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2022 ഏപ്രിൽ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
3. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :**

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ :**

1. ശ്രീ. രാജേഷ് കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ഡോ. ബി. അശോക്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
3. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി ശ്രീജ വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

7. ശ്രീ. ഹരി വി. ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വൈദ്യുതി-
ബോർഡ് ലിമിറ്റഡ്.

8. ശ്രീ. ആർ. സുകു, ഡയറക്ടർ (REES including SOURA, Sports and Welfare), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

9. ശ്രീ. രാജ്കുമാർ എസ്., ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.ടി.),
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

10. ശ്രീ. രാജൻ ജോസഫ്, ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ),
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

11. ശ്രീ. സിജി ജോസ്, ഡയറക്ടർ (ജനറേഷൻ - ഇലക്ട്രിക്കൽ),
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

12. ശ്രീമതി മിനി ജോർജ്, ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി),
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

13. ശ്രീ. രാധാകൃഷ്ണൻ ജി., ഡയറക്ടർ (ജനറേഷൻ - സിവിൽ),
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

14. ശ്രീ. ആർ. ഹരികുമാർ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ.

15. ശ്രീ. അനിൽ കുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

16. ശ്രീ. സുഭാഷ് ബാബു ബി.വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ.

17. ശ്രീ. യൂസഫ് ഖാൻ എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ്) വകുപ്പ്.

18. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

19. ശ്രീ. പി. ജയചന്ദ്രൻ നായർ, അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ,
ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആൻഡ് റൂറൽ -
ടെക്നോളജി (അനെർട്ട്)

20. ശ്രീ. ബിജു ആർ., ഫിനാൻഷ്യൽ അഡ്വൈസർ,
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

21. ശ്രീ. മുഹമ്മദ് ഹാരിസ്, ചീഫ് ഫിനാൻസ് ഓഫീസർ, അനെർട്ട്.

22. ശ്രീ. വിനോദ് കുമാർ വി., ഫിനാൻസ് ഓഫീസർ,

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXXIX (വൈദ്യുത പദ്ധതികൾ)

സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

2801-80-101-99 -33- വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം- സബ്സിഡികൾ

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതു മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2021-22 ലും 2022-23 ലുമായി ലഭിക്കേണ്ട തുകയായ 768.24 കോടി രൂപയും 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2021-22 ലും 2022-23 ലുമായി ലഭിക്കേണ്ട തുകയായ 80 ലക്ഷം രൂപയും കോവിഡ് സാഹചര്യം മൂലം ഉപഭോക്താക്കൾക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രഖ്യാപിച്ച സബ്സിഡി ഇനത്തിന് 174.73 കോടി രൂപയും ഉൾപ്പെടെ ആകെ 943.77 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2801-80-101-92 - കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയ്ക്ക് വാർഷിക നഷ്ടപരിഹാരം നൽകുന്നതിന് 52.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

<u>ശീർഷകം പുന:സ്ഥാപിക്കുന്നതിന്</u>

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുന:സ്ഥാപിച്ച് സംസ്ഥാന വിഹിതമായി താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

1) RGGVY- (പഴയ ശീർഷകം 2801-80-101-90) (പ്ലാൻ) 2.44 കോടി രൂപ.

2) ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) (പഴയ ശീർഷകം 2801-80-101-87) (പ്ലാൻ) 48.3 കോടി രൂപ.

3) സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്സ്.) (പഴയ ശീർഷകം 2801-80-101-86) (പ്ലാൻ) 59.21 കോടി രൂപ.

4) 320KV HDC തൃശ്ശൂർ മുതൽ പുഗലൂർ ട്രാൻസ്മിഷൻ ലൈൻ നഷ്ടപരിഹാര പാക്കേജ് (പഴയ ശീർഷകം 2801-80-101-82) (പ്ലാൻ) 15 കോടി രൂപ.

2801-80-101-83- <u>ഇടമൺ -കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്</u>

ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് ഈ ശീർഷകത്തിൽ 35 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2801-80-190-99 - <u>നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതികൾ</u>

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ 11 പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ

ശീർഷകത്തിൽ 2.097 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4801-80-101-98 - <u>നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം</u>

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.6164 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

നിയമസഭാ മണ്ഡല ആസ്തിവികസന പദ്ധതികൾക്കും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുമായുള്ള 2801-80-190-99, 4801-80-101-98 ഹെഡ്ഡുകളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ മണ്ഡലത്തിനുമായി ഒരു കോടി രൂപ വീതമെങ്കിലും ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6801-00-190-86 - <u>ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവർത്തികൾ (വിദേശ സഹായ പദ്ധതികൾ)</u>

ജലസേചന വകുപ്പും കെ.എസ്.ഇ.ബി.എൽ.-ഉം ലോകബാങ്കിന്റെ ധനസഹായത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്നും റിസർവ്വോയറുകളുടെയും വളരെയധികം പഴക്കമുള്ള ഡാമുകളുടെയും ഇൻസ്ട്രുമെന്റേഷനും സിവിൽ സ്ട്രക്ചറും മെച്ചപ്പെടുത്താനുള്ള പ്രവൃത്തികളാണ് ടി പദ്ധതി മുഖേന നടപ്പാക്കുന്നതെന്നും 2018-ലെ വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ച ഡാമുകളുടെ പുനരുദ്ധാരണത്തിനും ഇൻസ്ട്രുമെന്റേഷനുമായാണ് തുക

ആവശ്യമായിവരുന്നതെന്നും എല്ലാ ഡാമുകളെയും റിസർവ്വോയറുകളെയും സംബന്ധിച്ച വിവരങ്ങൾ പള്ളത്ത് സ്ഥിതി ചെയ്യുന്ന ഡാം സേഫ്റ്റി ഓഫീസിൽ യഥാസമയം ലഭിക്കുന്നതിനായി ലേസർ ഗേജുകളാണ് നിലവിൽ ഉപയോഗിക്കുന്നതെന്നും അതിലേയ്ക്കായി സംസ്ഥാന വിഹിതമായാണ് തുക ആവശ്യപ്പെടുന്നതെന്നും ഇടുക്കി ഇടയലയാർ, ഷോളയാർ, പെരിങ്ങൽകുത്ത്, കക്കി തുടങ്ങിയ ഡാമുകളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കേരളത്തിലെ ജലം ഉപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉൽപാദിപ്പിച്ച് നാല് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നതുപോലെ കേരളത്തിലും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇടുക്കിയിലും മൂഴിയാറിലും പവർ ഹൗസുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചനകൾ ആരംഭിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു.

ഡാം സുരക്ഷയുടെ തുടർ പ്രവർത്തനങ്ങൾക്കായി 30.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

നബാർഡ് ബന്ധിത പദ്ധതികളിലെ ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിശദാംശം സമിതി ആരാഞ്ഞപ്പോൾ 6 MW-ന്റെ പെരുവണ്ണാമൂഴി പദ്ധതിയുടെ 81.35 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ടി പദ്ധതി 31.03.2023-ന് കമ്മീഷൻ ചെയ്യാനാണുദ്ദേശിക്കുന്ന തെന്നും അപ്പർകല്ലാർ പദ്ധതി കമ്മീഷൻ ചെയ്തുവെന്നും മറ്റ് അനുബന്ധ പ്രവൃത്തികൾക്കായാണ് തുക ആവശ്യപ്പെടുന്നതെന്നും പെരിങ്ങൽക്കുത്ത് പദ്ധതി ഈ മാസവും 60MW-ന്റെ പള്ളിവാസൽ പദ്ധതി ഈ വർഷം അവസാനവും കമ്മീഷൻ ചെയ്യാനാണുദ്ദേശി ക്കുന്നതെന്നും പദ്ധതികളുടെ പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കു കയാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

അടുത്ത സാമ്പത്തിക വർഷമാകുമ്പോൾ ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിലൂടെ വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത

കൈവരിക്കാനും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി മറ്റ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാനും സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് നിലവിലെ വൈദ്യുതിയുടെ ഉപഭോഗം കണക്കാക്കുമ്പോൾ കൽക്കരി ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ആവശ്യകത ഒഴിവാക്കാൻ കഴിയില്ലെന്നും അടുത്ത 30 വർഷത്തേയ്ക്ക് ഇന്ത്യയിലെ എല്ലാ ഗ്രിഡുകളും കൽക്കരിയെ ആശ്രയിച്ച് മാത്രമേ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിന്റെ സാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തി സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ സമഗ്രപദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ മൂന്ന് വർഷത്തിനുള്ളിൽ വൈദ്യുതി മിച്ചമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് ഗവൺമെന്റ് അത്തരത്തിൽ ടാർജറ്റ് ചെയ്യുകയാണെങ്കിൽ സാധിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു. ഗവൺമെന്റിന്റെ മൂന്നാം വാർഷികം ആകുമ്പോഴേയ്ക്കും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണമെന്നും Augmentation schemes എത്രയെണ്ണം തയ്യാറാക്കാൻ സാധിക്കുമെന്നും നിലവിലുള്ളവയെ എപ്രകാരം ശക്തിപ്പെടുത്താൻ സാധിക്കുമെന്നും പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിൽ 3000 ടി.എം.സി. ജലമുള്ളതിൽ ജലസേചനത്തിനും വൈദ്യുതിക്കുമായി 300 ടി.എം.സി. ജലം മാത്രമാണ് ഉപയോഗിക്കുന്നതെന്നും ഏകദേശം 1700 ടി.എം.സി. ജലം ഉപയുക്തമാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിലും അതുസംബന്ധിച്ച് നാളിതുവരെയും പഠനം നടത്തിയിട്ടില്ലെന്നും പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച്, അതത് ജില്ലകളിലെ എം.എൽ.എ.-മാരുമായി ആലോചിച്ച് ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിന്റെ ആവശ്യകത ബോധ്യപ്പെടുത്തണമെന്നും ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടുകളുടെ ആവശ്യകത സംബന്ധിച്ച് ക്യാമ്പയിൻ നടത്തുമ്പോൾ മാധ്യമങ്ങളും ഇത്തരം പ്രോജക്ടുകൾ ആവശ്യമാണെന്ന രീതിയിൽ വാർത്ത നൽകുമെന്നും സമിതി

അഭിപ്രായപ്പെട്ടു.

ഹൈഡൽ പ്രോജക്ടിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിച്ചാൽ നിലവിലുള്ള 2200 MW എന്നുള്ളത് 3000-3500 MW വരെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും കൂടുതൽ ആവശ്യകത വന്നാൽ അധികമായി മൂലധന നിക്ഷേപം നടത്തേണ്ടി വരുമെന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് 10 കോടി രൂപ ചെലവുവരുമെന്നും തൻമൂലം താരിഫ് വർദ്ധിപ്പിക്കേണ്ടതായി വരുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. വൈദ്യുതി ചാർജ് കുറച്ചുകൊടുത്താൽ മാത്രമേ കേരളത്തിൽ വ്യവസായം ആരംഭിക്കാനും ജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിലവിലുള്ള സംവിധാനം വികസിപ്പിച്ചാൽ പരമാവധി 300 മെഗാവാട്ട് വൈദ്യുതി കൂടി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നും പീക്ക് അവറിൽ 400 മെഗാവാട്ടിന്റെ ഷോർട്ടേജുണ്ടെന്നും ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന സിവിൽ സ്ട്രക്ചറുകളിൽ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പ്രോജക്ടുകൾ കൊണ്ടുവരേണ്ടതുണ്ടെന്നും അധികമായി ഒരു റിസർവ്വോയർ നിർമ്മിച്ച്, ജനറേറ്റിംഗ് സ്റ്റേഷൻവഴി പുറത്തേയ്ക്കുവരുന്ന വെള്ളം പമ്പ് ബാക്ക് ചെയ്യാവുന്നതാണെന്നും കേരളത്തിൽ 5000 മെഗാവാട്ട് പമ്പ് ബാക്ക് ചെയ്യാൻ എൻ.എച്ച്.പി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ 1000 മെഗാവാട്ടെങ്കിലും ഡെവലപ് ചെയ്യാൻ സാധിച്ചാൽ ഹൈഡൽ പ്രോജക്ടിന്റെ പ്രശ്നം പരിഹരിക്കാമായിരുന്നുവെങ്കിലും സാമ്പത്തിക ബാധ്യത കൂടുതലാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കേരളത്തിൽ ആറേഴുമാസക്കാലം മഴയായതിനാൽ പകൽസമയം സൗരോർജ്ജം ലഭിക്കാനുള്ള സാധ്യത വളരെ കുറവായതുകൊണ്ട് ഹൈഡൽ പ്രോജക്ടാണ് നല്ലതെന്നും ലഡാക്കുപോലുള്ള വടക്കുകിഴക്കൻ മേഖലകളിൽ ഹൈഡൽ പ്രോജക്ടിനാണ് മുൻഗണന കൊടുക്കുന്നതെന്നും ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിച്ച് അതിനെക്കുറിച്ച് പഠനം നടത്തുന്നത് നല്ലതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇടുക്കിയിൽ നന്നായി മഴ പെയ്താൽ ഡാമുകൾ തുറന്നുവിടേണ്ടിവരുമെന്നും

അതുകൊണ്ട് ഇടുക്കിയിലെത്തുന്നതിന് മുൻപുതന്നെ വെള്ളം തടഞ്ഞുനിർത്തി ഉപയോഗപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കണമെന്നും ഇടുക്കി, കക്കി തുടങ്ങിയ ഡാമുകളിലെ ടെയിൽ എൻഡ് വാട്ടർ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും മുല്ലപ്പെരിയാർ ഡാമും ഇടുക്കി ഡാമും തമ്മിലുള്ള അകലം കണക്കാക്കി ഇവയുടെ മധ്യഭാഗത്ത് ഒരു ഡാം നിർമ്മിച്ച് ജലം സംഭരിക്കണമെന്നും ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡ് ചെയർമാൻ മുൻകൈയ്യെടുത്ത് എല്ലാ എം.എൽ.എ.-മാരുമായും വിദഗ്ദ്ധരടങ്ങിയ ടീമുമായും ചർച്ച നടത്തി തീരുമാനമെടുക്കണമെന്നും മറ്റ് ഹൈഡൽ പ്രോജക്ടുകളുടെ മേൽനോട്ടം വഹിച്ചിട്ടുള്ള വിദഗ്ദ്ധരെ ചുമതല ഏൽപ്പിക്കണമെന്നും നേര്യമംഗലം, ഭൂതത്താൻകെട്ട് തുടങ്ങിയ സ്ഥലങ്ങളിൽ കൂടി സാധ്യതയുണ്ടോയെന്ന് പരിശോധിക്കണമെന്നും നിലവിലുള്ള 1000 മെഗാവാട്ടിന്റെ പ്രോജക്ടിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കണമെന്നും കേരളത്തിൽ പദ്ധതികൾ മോണിറ്റർ ചെയ്യാനുള്ള ഒരു സംവിധാനമില്ലാത്തതുകൊണ്ട് വൈദ്യുതി ബോർഡ് ചെയർമാൻ മുൻകൈയ്യെടുത്ത് ഒരു ടീം രൂപീകരിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പുതിയ പദ്ധതി അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ സർക്കാരിൽ നിന്ന് അനുവാദം ലഭിക്കുമെന്നും താല്പര്യമുള്ള വിദഗ്ദ്ധരെയും ബിസിനസ്സുകാരെയും ഉൾപ്പെടുത്തി പി.പി.പി.മോഡലിൽ പദ്ധതി വിഭാവന ചെയ്യാവുന്നതാണെന്നും നിലവിലുള്ള 1000 മെഗാവാട്ടിന്റെ പദ്ധതി ലക്ഷ്യം വച്ച് മുന്നോട്ടുപോകണമെന്നും വൈദ്യുതിയുടെ ഉത്പാദനവും ഉപഭോഗവും സംബന്ധിച്ച് അവബോധം നൽകുന്നതിനായി എല്ലാ എം.എൽ.എ.-മാർക്കും ഒരു ക്ലാസ് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ടെയിൽ എൻഡ് വാട്ടർ ഉപയോഗിച്ച് കുരുമുളക്, ഏലം തുടങ്ങിയ നാണ്യവിളകൾക്ക് ആവശ്യമായ ജലസേചന സൗകര്യം സോളാർ പമ്പ് ഉപയോഗിച്ച് ഒരുക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

10 വർഷം മുൻപ് തേയില തോട്ടങ്ങളിൽ പെരിയാറിലെ ജലം സ്പിംഗ്ലർ ഉപയോഗിച്ച് നനച്ച് ഉല്പാദനം വർദ്ധിപ്പിച്ചതിലൂടെ ഫാക്ടറികളുടെ പ്രവർത്തനവും തൊഴിലാളികളുടെ ജോലിസാദ്ധ്യതയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന്

സമിതി വിലയിരുത്തി. ചിറ്റാർ മണ്ഡലത്തിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി എല്ലാ നാണ്യവിളകൾക്കും ജലമെത്തിക്കുന്നതിനുള്ള ഒരു വലിയ പദ്ധതി ആവിഷ്കരിച്ചിരുന്നുവെന്നും ഈ ആശയം ധാരാളം സ്ഥലങ്ങളിൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും വൈദ്യുതി ഉപയോഗിച്ച് ഇത് പ്രാവർത്തികമാക്കിയെങ്കിൽ മാത്രമേ ജലം ശക്തിയായി പമ്പ് ചെയ്ത് കൃഷിയിടങ്ങളിൽ എത്തിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതുവഴി തേയില, ഏലം, കുരുമുളക്, കാപ്പി തുടങ്ങിയ നാണ്യവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വലിയ രീതിയിലാണ് ഇത് നടപ്പാക്കിയിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കരിയാർകുറ്റി പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് ആയതിന്റെ സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണെന്ന് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചപ്പോൾ 30 വർഷം മുമ്പ് ഒരു സർവ്വേ നടത്തിയതാണെന്നും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്ന സമീപനമാണ് ആവശ്യമെന്നും സമിതി ചൂണ്ടിക്കാണിച്ചു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് അവിടെ ഫീൽഡ് സർവ്വേ ആരംഭിക്കുകയും ചാനൽ ചെയ്യാനുള്ള ആറ് വ്യത്യസ്ത അലൈൻമെന്റുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും പവർഹൗസ് നിർമ്മിക്കണമെങ്കിൽ 120 മീറ്റർ ആഴമുള്ള 12 ബോർഹോൾ ആവശ്യമാണെന്നും ആയതിനുള്ള അനുമതി വനം വകുപ്പിൽനിന്ന് ഇപ്പോൾ ലഭിച്ചതേയുള്ളൂവെന്നും പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിൽനിന്ന് ഒരു ഓപ്ഷൻ തെരഞ്ഞെടുത്ത് DPR തയ്യാറാക്കി ബോറിംഗ് നടപടിയിലേയ്ക്ക് കടക്കേണ്ടതുണ്ടെന്നും അതിന് ഇനിയും ആറേഴുമാസം സമയം ആവശ്യമാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകൾക്ക് കരിയാർകുറ്റി പ്രൊജക്ടിന്റെ പ്രയോജനം ലഭിക്കുന്നതാണെന്നും വൈദ്യുതി-ജലസേചന വകുപ്പുകൾ ചേർന്ന് പ്രവർത്തിക്കേണ്ട പദ്ധതിയാണിതെന്നും സമിതി ചൂണ്ടിക്കാട്ടി.

ടി പ്രൊജക്ടിന്റെ കൺസൾട്ടൻസി സർവ്വീസസിനെ ചുമതലപ്പെടുത്തിയിരിക്കുന്നതും ഇൻവെസ്റ്റിഗേഷൻ നിയന്ത്രിക്കുന്നതും ജലസേചന വകുപ്പാണെന്നും വനം വകുപ്പും ഇലക്ട്രിസിറ്റി ബോർഡും തമ്മിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ആയത് ചർച്ച ചെയ്ത് പരിഹരിക്കുന്നതാണെന്നും വനം വകുപ്പിന്റെ ഭാഗത്തുനിന്ന് നല്ല പിന്തുണ ലഭിക്കുന്നുണ്ടെന്നും ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

താഴെ കൊടുത്തിരിക്കുന്ന നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് സംസ്ഥാന വിഹിതം താഴെപ്പറയും പ്രകാരം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

1) 2.0 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുതി പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ ( ശീർഷകം 6801-00-190-85) (പ്ലാൻ) 3.9128 കോടി രൂപ.

2) പോത്തൻകോടിൽ 2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ(ശീർഷകം6801-00-190-83) (പ്ലാൻ)2.1166 കോടിരൂപ.

3) പേഴക്കാപ്പള്ളിയിൽ 1.25 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് ഊർജ്ജപദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ ശീർഷകം പുന:സ്ഥാപിച്ച് (ശീർഷകം 6801-00-190-82) (പ്ലാൻ) 7.0205 കോടി രൂപ വകയിരുത്തുക.

4) തലക്കുളത്തുരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് ഊർജ്ജപദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-81) (പ്ലാൻ) 0.817 കോടി രൂപ.

5) 6.0 മെഗാവാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വൈദ്യുതി ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-80) (പ്ലാൻ) 10.8831 കോടി രൂപ.

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

വൈദ്യുതിയുമായി ബന്ധപ്പെട്ട അപകടങ്ങളുടെ കണക്ക് സംബന്ധിച്ചും ടി അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന് 2021-2022-ൽ അപകടമരണങ്ങൾ 236 ഉം വൈദ്യുതി ലൈനുകൾ പൊട്ടി വീണുണ്ടായ അപകടമരണങ്ങൾ 14 ഉം ആണെന്നും ഉദ്യോഗസ്ഥൻ മറുപടി നൽകി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും കുറഞ്ഞ യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വീടുകളിൽ വയറിംഗ് ചെയ്തു നൽകുന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ അഗളി, പുത്തൂർ, ഷോളയൂർ പഞ്ചായത്തുകളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വീടുകളിൽ Earth Leakage, Circuit Breaker (ELCB) സ്ഥാപിച്ച് വയറിംഗ് നവീകരിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ELCB സ്ഥാപിച്ചിട്ടുള്ളതിനാൽ വൈദ്യുതി തകരാർ ഉണ്ടായാൽ വൈദ്യുതി തനിയെ ഓഫാകുമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥൻ അറിയിച്ചു.

തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി വകുപ്പ് ആവിഷ്കരിച്ച നടപടികൾ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ Number of interruptions per Supply hour, duration of interruption തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്ന SAIDI (System Average Interuption Duration Index), SAIFI (System Average Interruption Frequency Index) എന്നീ രണ്ട് ഇൻഡക്സുകൾ വഴി ദേശീയ തലത്തിൽ വൈദ്യുതിയുടെ ഗുണനിലവാരം അളക്കുന്നതിൽ മൂന്നാമത്തെയോ നാലാമത്തെയോ സ്ഥാനമാണ് കേരളത്തിനുള്ളതെന്നും Duration of Interruption-ന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണെന്നും ഒരു വർഷത്തെ uninterrupted supply hours 23 മണിക്കൂറും 40 മിനിട്ടുമാണെന്നും ഇതിൽ ഗുജറാത്ത് മാത്രമാണ് കേരളത്തിന് മുമ്പിലുള്ളതെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. കേരളത്തിൽ ഇടതൂർന്ന ഗ്രിഡുകളായാണ് വൈദ്യുത ശൃഖല സ്ഥാപിച്ചിരിക്കുന്നതെന്നും ശരാശരി 600MW യൂണിറ്റ് വൈദ്യുതിയാണ് ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്നതെന്നും കേരളത്തിലെ അതിവർഷവും

വൈദ്യുത ലൈനുകളോട് ചേർന്നു നിൽക്കുന്ന മരച്ചില്ലകളും വൈദ്യുത വിതരണം തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണെന്നും തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ ഉയർന്ന നിക്ഷേപം ആവശ്യമാണെന്നും പക്ഷി മൃഗാദികൾ ധാരാളമുള്ള വനത്തിനുള്ളിൽ കൂടി തടസ്സമില്ലാതെയാണ് ശബരിമലയിൽ വൈദ്യുതി വിതരണം നടത്തുന്നതെന്നും കെ.എസ്.ഇ.ബി. എൽഭ ഉദ്യോഗസ്ഥൻ അറിയിച്ചു.

ഇന്റേണൽ വയറിംഗ് തകരാർ മൂലം വൈദ്യുതി തടസ്സം നേരിട്ടാലും അത് ബോർഡിന്റെ തകരാറായാണ് ജനങ്ങൾ കരുതുന്നതെന്നും കേരളത്തിലെ ആറ് നഗരങ്ങളിൽ വൈദ്യുതി ഒരു സെക്കന്റ് നേരത്തേക്കെങ്കിലും തടസ്സപ്പെട്ടാൽ അതു സംബന്ധിച്ച് വൈദ്യുതി ഭവനിൽ ഡാറ്റാ ലഭിക്കുമെന്നും വൈദ്യുതിയുമായി ബന്ധപ്പെട്ട് 1912 എന്ന ടോൾ ഫ്രീ നമ്പറിൽ മണിക്കൂറിൽ നൂറ് പരാതികൾ എന്ന തോതിൽ ഒരു ദിവസം അയ്യായിരത്തോളം പരാതിയെങ്കിലും വരുന്നുണ്ടെന്നും ഇടുക്കി ജില്ലയിലൊഴിച്ച് പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ടല്ലാത്ത കേസുകൾ ആറുമണിക്കൂറിനുള്ളിൽ പരിഹരിക്കുന്നുണ്ടെന്നും, 12 മണിക്കൂറും പരിഹരിക്കാത്ത പരാതികൾക്ക് ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ) ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ) എന്നിവർ പരിശോധന നടത്തുന്നുണ്ടെന്നും 24 മണിക്കൂറിനകം പരിഹാരം കണ്ടെത്താൻ സാധിക്കാത്ത പരാതികൾ സംബന്ധിച്ച് ബോർഡ് തലത്തിൽ പരിശോധിക്കണമെന്ന തീരുമാനമാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ വകുപ്പുദ്യോഗസ്ഥൻ അറിയിച്ചു.

വൈദ്യുതി തകരാർ ഉണ്ടായാൽ ആയത് പുനഃസ്ഥാപിക്കാൻ നിശ്ചിത സമയം അനുവദിച്ചു നൽകുകയും കാലതാമസം വരികയാണെങ്കിൽ ഇതിന്മേൽ കെ.എസ്.ഇ.ബി.എൽ ചെയർമാൻ നേരിട്ട് ഇടപെട്ട് അടിയന്തരമായി പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉപഭോക്താക്കളുടെ പരാതികൾ കഴിയുന്നത്ര വേഗത്തിൽ പരിഹരിക്കാൻ ടോൾഫ്രീ സംവിധാനമുണ്ടാകേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഹെൽപ്പ് ലൈൻ നമ്പറായ '1912' എന്ന ടോൾഫ്രീ നമ്പറിൽ ലഭിക്കുന്ന പരാതികൾ മാത്രമെ ബോർഡിന്റെ സിസ്റ്റത്തിൽ രേഖപ്പെടുത്തുകയുള്ളുവെന്നും എല്ലാ മാർഗ്ഗങ്ങളിലുമായി പ്രതിദിനം അയ്യായിരത്തിലധികം പരാതികൾ

ലഭിക്കുന്നുണ്ടെന്നും ആയതിനാൽ ഡാറ്റാ കളക്ട് ചെയ്യുന്നതിനുള്ള നടപടി ശക്തമാക്കേണ്ടതുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഇടുക്കി ജില്ലയിൽ പ്രകൃതി ദുരന്തമുണ്ടായ വേളയിൽ ധാരാളം വൈദ്യുത പോസ്റ്റുകൾ പുന:സ്ഥാപിക്കേണ്ടിവന്നിട്ടുണ്ടെന്നും ഏപ്രിൽ ഒന്നിനുശേഷം രണ്ടാഴ്ചക്കിടെ ഏകദേശം 6447-ഉം തൊടുപുഴ സർക്കിളിന്റെ കീഴിൽ മാത്രം ഏകദേശം 200-ഓളം പോസ്റ്റുകളും തകർന്നതിനാൽ ടി ജില്ലയിൽ മാത്രം ഒരു കോടി രൂപയുടെയും സംസ്ഥാനത്താകെ 52 കോടി രൂപയുടെയും നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ടെന്നും പ്രത്യേകിച്ച് ഹൈറേഞ്ച് മേഖലയിൽ പോസ്റ്റുകൾ എത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

സംസ്ഥാനത്ത് വൈദ്യുത പോസ്റ്റുകൾ അധികമായി സംഭരിക്കേണ്ടത് ആവശ്യമാണെന്നും കേരളത്തിൽ വൈദ്യുത പോസ്റ്റ് ലഭ്യമല്ലാത്തതിനാൽ തമിഴ്നാട്, കൽക്കട്ട എന്നിവിടങ്ങളിൽ നിന്നാണ് വൈദ്യുതപോസ്റ്റുകൾ കൊണ്ടുവരുന്നതെന്നാണ് അറിയാൻ കഴിഞ്ഞതെന്നും അഭിപ്രായപ്പെട്ട സമിതി അടിയന്തര ഘട്ടമുണ്ടാകുമ്പോൾ ഉപയോഗിക്കാനായി സ്പെയറായി പോസ്റ്റുകൾ സംഭരിക്കാൻ സാധിക്കില്ലേയെന്നും പോസ്റ്റിനുള്ള ഓർഡർ നൽകാത്തതു കൊണ്ടാണോ M/s. Sivasakthi Engineering & Fabricators എന്ന സ്ഥാപനം അടച്ചുപൂട്ടാൻ ഇടയായതെന്ന് ആരായുകയും ചെയ്തു.

ഭാരം കുറഞ്ഞ പോസ്റ്റുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ ഹൈക്കോടതി വിധി വന്നതിനെത്തുടർന്നാണ് പ്രസ്തുത സ്ഥാപനത്തിന് ഓർഡർ നലൽകാത്തതെന്നും പോസ്റ്റുകൾക്ക് ആവശ്യത്തിന് ഭാരമില്ലാത്തതുകൊണ്ട് പെട്ടെന്ന് ഒടിഞ്ഞുപോകുന്നുവെന്നാണ് ഹൈക്കോടതി വിധിയിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ പോസ്റ്റുകൾ പെട്ടെന്ന് ഒടിയുകയും വയറുകൾ പൊട്ടിവീണ് അപകടമുണ്ടാകുകയും ചെയ്യുന്നുണ്ടെന്നും ആയതിനാൽ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള പോസ്റ്റുകൾ

നിർമ്മിക്കുന്നതിനായി കാസ്റ്റിംഗ് മോൾഡ് വലുതാക്കേണ്ടതുണ്ടെന്നും ഇപ്പോൾ കേരളത്തിൽ എല്ലായിടത്തും അത്തരത്തിലുള്ള പോസ്റ്റുകളാണ് സ്ഥാപിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുത പോസ്റ്റുകൾ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കാസ്റ്റിംഗ് യാർഡിൽ അതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുന്നതിന് കുറച്ച് കാലതാമസമെടുത്തതുകൊണ്ട് നേരത്തെ ടെണ്ടർ എടുത്ത കരാറുകാർതന്നെ മുഴുവൻ പോസ്റ്റുകളും വിതരണം ചെയ്ത് ക്ഷാമം പരിഹരിച്ചിട്ടുണ്ടെന്നും എല്ലാവർഷവും ഇത്തരത്തിലുള്ള ചെറിയ തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

മലമ്പുഴ മണ്ഡലത്തിലുള്ളതും കേരളം മുഴുവൻ ഒരുകാലത്ത് പോസ്റ്റ് സപ്ലൈ ചെയ്തിരുന്നതുമായ ഒരു യാർഡ് ഇപ്പോൾ പൂട്ടിക്കിടക്കുകയാണെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ M/s. Sivasakthi Engineering & Fabricators എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥരുമായി ചർച്ച നടത്തിയിരുന്നുവെന്നും അവർക്ക് നിലവിൽ കുറ്റിപ്പുറത്ത് ഒരു യാർഡ് ഉള്ളതിനാൽ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടെന്നും വാളയാറിലുള്ള യാർഡ് പുതുക്കാൻ അവർ തയ്യാറല്ലെന്നും യാർഡ് പുതുക്കാൻ ഉടമസ്ഥൻ തയ്യാറായാൽ അവർക്ക് ടെണ്ടറിൽ പങ്കെടുക്കാമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥൻ സമിതിയെ ബോധ്യപ്പെടുത്തി.

ഓരോ ജില്ലയിലേയും രണ്ട് സ്ഥലങ്ങളിലെങ്കിലും കുറച്ച് വൈദ്യുത പോസ്റ്റുകൾ സ്പെയർ കരുതുകയും അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രം അതുപയോഗിച്ചാൽ മതിയെന്ന് നിബന്ധന വയ്ക്കുകയും ചെയ്താൽ പോസ്റ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2810-00-800-79- <u>ഇ-സേഫ് കേരള</u>

ശിരോപരി ലൈനുകൾ പൊട്ടിവീഴുന്നതിൽ നിന്നും ഉണ്ടാകുന്ന വൈദ്യുതാപകടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പദ്ധതി തിരുവനന്തപുരം

പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പാക്കുന്നതിനായി 0.75 കോടി രൂപ 2810-00-8001-79 - ഇസേഫ് കേരള എന്ന ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)

2810-00-104-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാച്ചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി 6.9577 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## എനർജി മാനേജ്മെന്റ് സെന്റർ, കേരള

2810-00-104-98 - എനർജി മാനേജ് മെന്റ് സെന്റർ ധനസഹായം

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ_ശീർഷകത്തിൽ 2.6769 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.45 മണിക്ക് പിരിഞ്ഞു.

## 26.04.2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2022 ഏപ്രിൽ 26-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 02.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**ഹാജരായ അംഗം**

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :**

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നം. 56 താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

" നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പതിനൊന്ന് പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.097 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

ഖണ്ഡിക നം. 57 നുശേഷം താഴെപ്പറയുന്ന പൊതുശിപാർശ ഉൾപ്പെടുത്താനും തുടർന്നുള്ള ഖണ്ഡികകൾ പുനരക്കം ചെയ്യാനും തീരുമാനിച്ചു.

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ എന്ന ശീർഷകം പരിഗണിച്ച വേളയിൽ ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക വളരെ കുറവാണെന്നും പദ്ധതികളുടെ പൂർത്തീകരണത്തിനായി കൂടുതൽ തുക അനുവദിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ " കെ.എസ്.ഇ.ബി.എൽ.-ന്റെ നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതികൾക്കായി ഓരോ നിയോജകമണ്ഡലത്തിനും ഒരു കോടി രൂപ വീതം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. "

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 12.07.2022 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2022 ജൂലൈ 12-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
4. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശ്രീകല സി. എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി. എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
3. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ശ്രീലാൽ റ്റി. വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
5. ശ്രീ. അനിൽ കുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
6. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്
7. ശ്രീ. ഹരി വി. ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

8. ഡോ. മാലിനി എസ്., ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

9. ശ്രീമതി ഒലീന എ. ജി., ഡയറക്ടർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി

10. ശ്രീ. ശിവശങ്കരൻ കെ. പി., അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്.

11. ശ്രീ. രഞ്ജിത്ത് പി. എം., അഡീഷണൽ ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്.

12. ശ്രീമതി ബിച്ചു ബാലൻ, അഡീഷണൽ ലേബർ കമ്മീഷണർ (ഇ), തൊഴിലും നൈപുണ്യവും വകുപ്പ്.

13. ശ്രീമതി മിനി രവി, സെക്രട്ടറി, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ, തിരുവനന്തപുരം

14. ശ്രീ. സാബു സി. ജി., ഡെപ്യൂട്ടി ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്

15. ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്

16. ശ്രീ. അനി എം., ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

17. ശ്രീ. ബിജു കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്.

18. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ

19. ശ്രീ. സജു എസ്. എസ്., സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്

20. ശ്രീ. ബിജു ആർ., ഫിനാൻഷ്യൽ അഡ്വൈസർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

21. ശ്രീ. എം. കെ. സുരഭിഷ് ബാബു, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

22. ശ്രീ. ജോൺസൺ ഡാനിയേൽ, ഹെഡ്-എൻ. എം. ഇ. ഇ. ഇ ആൻഡ് ഡി.എസ്.എം.(ഇ.ഇ.ഡി.), എനർജി മാനേജ്മെന്റ് സെന്റർ

23. ശ്രീ. അനീഷ് ആർ., അസിസ്റ്റന്റ് മാനേജർ (ഫിനാൻസ് ആൻഡ് അക്കൗണ്ട്സ്), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

സമിതി കരട് ചട്ടം, വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയുംചെയ്തു.

I <u>സംസ്ഥാനത്തെ വ്യാവസായിക ട്രിബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസറുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി സംബന്ധിച്ച്.</u>

(ഫയൽ നം. 6094/സബ്.സി.സി1/2022/നി.സെ.)

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലെ പ്രൊവിഷൻ പ്രകാരം രൂപീകൃതമായ ഏഴ് ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലായി പ്രവർത്തിച്ചുവരുന്നുവെന്നും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലെ സെക്ഷൻ 38 പ്രകാരം പ്രിസൈഡിംഗ് ഓഫീസർമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ചട്ടം രൂപീകരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരമുള്ളതിനാൽ കരട് ചട്ടങ്ങൾ തയ്യാറാക്കി നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് അയച്ചതിനുശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി പി.എസ്.സി.ക്ക് അയച്ചപ്പോൾ അവർ രണ്ട് നിർദ്ദേശങ്ങൾ നൽകിയെന്നും അതിൽ ഒന്ന് കരട് ചട്ടങ്ങളുടെ വിജ്ഞാപനത്തിന്റെ തീയതി, നമ്പർ, വർഷം എന്നിവ ഉത്തരവ് പുറപ്പെടുവിക്കുന്നതിനനുസൃതമായി തിരുത്തണമെന്നും രണ്ടാമത്തേത് സെക്ഷൻ 4-ലെ പ്രിസൈഡിംഗ് ഓഫീസർമാരുടെ ക്വാളിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശവുമായിരുന്നുവെന്നും Section 4(1)(a)(ii)-ൽ പറയുന്നത്, "is qualified for appointment as a Judge of High Court" എന്നും Section 4 (1)(a) (iii)-ൽ പറയുന്നത് "he is or had been an advocate for a period of not less than ten years" എന്നുമായിരുന്നുവെന്നും സെക്ഷൻ 4(1)(a)(iii) എന്നുപറയുന്നത് നിലവിൽ ഹൈക്കോടതി ജഡ്ജിമാരുടെ നിയമനത്തിനായുള്ള യോഗ്യതയിൽ ഉൾപ്പെടുന്നതാണെന്നും ആയത് സെക്ഷൻ 4(1)(a)(ii)-ൽ നേരത്തെതന്നെ ഉൾപ്പെടുത്തിയിട്ടുള്ളതായതുകൊണ്ട് ടി സെക്ഷൻ ഒഴിവാക്കണമെന്ന നിർദ്ദേശമനുസരിച്ച് സെക്ഷൻ 4(1)(a)(iii) ഒഴിവാക്കി ശേഷിച്ചവ നിലനിർത്തിക്കൊണ്ടാണ് യോഗ്യത തീരുമാനിച്ചിരിക്കുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പി.എസ്.സി. നൽകിയ നിർദ്ദേശം അനുസരിച്ചുള്ള അഭിപ്രായം

പരിശോധിച്ചിരുന്നുവെന്നും ഹൈക്കോടതി ജഡ്ജിയുടെ യോഗ്യത പത്തുവർഷത്തെ പ്രാക്ടീസാണെന്നും നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

II 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള അനുകാലിക റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 10419/സബ്.സി.സി1/2022/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

III 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

(ഫയൽ നം. 10653/സബ്.സി.സി1/2022/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

IV സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ

1. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നം. 12116/സബ്.സി.സി1/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 12 സംബന്ധിച്ച് തൊഴിലും നൈപുണ്യവും (ആർ) വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി അനുവദിച്ച് നൽകിയിരുന്നില്ലെന്നും അധിക തുക ആവശ്യമില്ലായെന്നും തൊഴിൽ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചപ്പോൾ ബഡ്ജറ്റ് വിഹിതം മുഴുവൻ അനുവദിക്കാത്തതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അതിവർഷ ആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 50.93 കോടി രൂപ അധികമായി അനുവദിക്കണമെന്നായിരുന്ന സമിതിയുടെ ശിപാർശയെങ്കിലും 20 കോടി രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂവെന്നും ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ അയച്ചപ്പോൾ ബോർഡിന്റെ

തനത് ഫണ്ടിൽനിന്ന് ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തുക കണ്ടെത്തണമെന്ന് പറഞ്ഞ് ഫയൽ തിരിച്ചയച്ചുവെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. 2016-ന ശേഷം ടി തുക നൽകിയിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കാനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

തൊഴിലും നൈപുണ്യവും (സി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 23 മുതൽ 46 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (H) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 57, 58, 59, 61 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (G) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 49 മുതൽ 56 വരെയും 60, 62 മുതൽ 66 വരെയുമുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (E) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 4, 21 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (B) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 8, 11, 14, 47, 48, എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (D) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 1, 2, 5, 6, 7 , 9, 10, 17, 20 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ 72-76, 79-82 എന്നീ ഖണ്ഡികകൾ സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്ന ചർച്ചകൾക്കു ശേഷം സമിതി അംഗീകരിച്ചു.

ഖണ്ഡിക 72

പ്രസ്തുത ശീർഷകത്തിൽ ആകെ ലഭിക്കാനുള്ള 524 കോടി രൂപയിൽ കഴിഞ്ഞ വർഷം ലഭിക്കേണ്ട 52.4 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ചിട്ടില്ലെന്നും ഇത് ലഭിക്കാതിരുന്നത് പെൻഷൻ പേയ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളെ ബാധിച്ചിട്ടുണ്ടെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചപ്പോൾ അടുത്ത

സാമ്പത്തിക വർഷം കൂടുതൽ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ വകുപ്പിന് സമിതി നിർദ്ദേശം നൽകി.

ഖണ്ഡിക 73

ഇന്നൊവേഷൻ ആൻഡ് എസ്കോർട്ട് പദ്ധതിക്കുവേണ്ടി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ആകെ തുക 2,320 ലക്ഷം രൂപയാണെന്നും പ്രസ്തുത പദ്ധതിക്കായി ഇതുവരെ 2,286.08 ലക്ഷം രൂപ ചെലവഴിച്ചുവെന്നും 500 Mwp സോളാർ സ്റ്റേഷൻ പ്രീ-പ്രോജക്ട് കപ്പാസിറ്റി അസസ്സ്മെന്റ് പദ്ധതിക്കായി ഗവൺമെന്റിൽനിന്നും കെ.എസ്.ഇ.ബി.-ക്ക് 64.14352 ലക്ഷം രൂപ നൽകിയെന്നും ധനകാര്യ വകുപ്പിന്റെ ways and means ക്ലിയറൻസ് കിട്ടാത്തതുകൊണ്ട് ബാക്കി തുകയായ 22.22 കോടി രൂപ ലഭിച്ചില്ലെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

ഖണ്ഡിക -74

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിക്ക് അഡീഷണൽ ഓതറൈസേഷൻ വഴി തുക റിലീസ് ചെയ്ത് നൽകിയിട്ടുണ്ടെന്ന് ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

ഖണ്ഡിക -75

കോവിഡ് പ്രതിസന്ധി മൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഓഫീസുകൾ ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ പറ്റാത്തതുകൊണ്ടാണ് ആസ്തി വികസന ഫണ്ടായിട്ടും ബജറ്റിൽ തുക അനുവദിക്കാതിരുന്നതെന്ന് മനസ്സിലാക്കിയ സമിതി, എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന് പ്രത്യേക പരിഗണന നൽകണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

ഖണ്ഡിക -76

പ്രസ്തുത ശീർഷകത്തിൽ സർക്കാർ വിഹിതമായ 17 കോടി രൂപ 08.03.2022-ൽ നൽകിയിട്ടുണ്ടെന്ന് ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

ഖണ്ഡിക -79

തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി 45.26 കോടി രൂപ 2015-ൽ അനുവദിച്ചുവെന്നും 2015-16 വർഷത്തെ വിഹിതമായി ബഡ്ജറ്റിൽ 13,62,81,000/- രൂപ ഉൾപ്പെടുത്തി അനുവദിച്ചുവെങ്കിലും സമയത്ത് ഭൂമി കൈമാറാത്തതിനാൽ ചെലവാകാതിരുന്ന പത്ത് കോടി രൂപ തിരിച്ചടക്കേണ്ടിവന്നുവെന്നും തുടർന്ന് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഒരേക്കർ ഭൂമി 2016 ഒക്ടോബർ പകുതിയോടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുകയുണ്ടായിയെന്നും ടി പദ്ധതി നിർവ്വഹണം 28-05-2020-ൽ പൂർത്തിയായെന്നും ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയ 3.6281 കോടി രൂപ കഴിച്ച് ബാക്കി വരുന്ന 41.6319 കോടി രൂപ സർക്കാരിൽനിന്നും ലഭിക്കാനുണ്ടെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

ഖണ്ഡിക -80, 81

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതിയോജന പദ്ധതിയുടെ പൂർത്തീകരണത്തിനായി കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടുള്ളതാണെന്നും പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 10 ശതമാനം സർക്കാർ വിഹിതമായ 48 കോടി രൂപ ലഭ്യമായിട്ടില്ലെന്നും ആയതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. സംയോജിത ഊർജ്ജ വികസന പദ്ധതിക്കും സംസ്ഥാന വിഹിതം ലഭ്യമായിട്ടില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക -82

ആർ.ജി.ജി.വി.വൈ. പദ്ധതിക്ക് 224.4 കോടി രൂപയാണ് ചെലവായിട്ടുള്ളതെന്നും അതിന്റെ 10 ശതമാനം സർക്കാർ വിഹിതമായ 22.4 കോടി രൂപയാണ് 2014-15 ൽ വകയിരുത്തിയിട്ടുള്ളതെന്നും ഇതുവരെ 20 കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും ബാക്കി തുകയായ 2.44 കോടി രൂപ ലഭിച്ചിട്ടില്ലെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഊർജ്ജ (എ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 85 ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നം. 3181/സബ്.സി.സി.1/2019/നി.സെ.)

തൊഴിലും നൈപുണ്യവും (B) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 8, 11, 14, 19, 22 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

3. KASE-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നം. 4151/സബ്.സി.സി.1/2019/നി.സെ.)

തൊഴിലും നൈപുണ്യവും (C) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 5, 7, 10, 18, 26, 35, 39, 40, 41, 42, 43, 44 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 5

PMKVY പദ്ധതിയുടെ ആദ്യ ഗഡുവിന്റെ 80 ശതമാനം വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയപ്പോൾ അടുത്ത ഗഡു ലഭിച്ചിട്ടുണ്ടെന്നും PMKVY 3.0 പദ്ധതികൾക്കായി 2.02 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നും PMKVY 2.0, PMKVY 3.0 എന്നീ പദ്ധതികൾക്കായി ഇതിനോടകം ലഭ്യമായ തുകയുടെ 70 ശതമാനവും വിനിയോഗിച്ചിട്ടുണ്ടെന്നും KASE-ന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 7

സങ്കൽപ് (SANKALP) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ KASE സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റികൾ രൂപീകരിക്കുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 14 ഡിസ്ട്രിക്ട് സ്കിൽ കോ-ഓർഡിനേറ്റർമാരെ വിവിധ ജില്ലകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും 2021-22 വർഷത്തെ ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ 14 ജില്ലകളിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2022-23, 2023-24 എന്നീ വർഷങ്ങളിലെ ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റി വഴി തയ്യാറാക്കി വരികയാണെന്നും

പ്രസ്തുത പ്ലാൻ പ്രകാരം സങ്കൽപ് പദ്ധതിയിലുൾപ്പെടുത്തി പരിശീലന പദ്ധതികൾ പുരോഗമിച്ച് വരുന്നുണ്ടെന്നും പദ്ധതിയുടെ കീഴിൽ കേരളത്തിലുടനീളം സ്കിൽ ഗ്യാപ് പഠനം നടത്തുന്നതിനും ഹ്രസ്വകാല നൈപുണ്യ പദ്ധതിയുടെ വിലയിരുത്തൽ പഠനത്തിനുമുള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും സംസ്ഥാന നൈപുണ്യ വികസന മിഷന്റെ നൈപുണ്യ വികസന പദ്ധതിയുടെ പ്രചാരണ നടപടികൾ നടന്നുവരികയാണെന്നും പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതുവഴി 3133 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ടെന്നും അപ്രന്റീസ്ഷിപ്പ് പ്രചാരണ പരിപാടികളും നടത്തിവരുന്നുണ്ടെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചു.

ദേശീയ നൈപുണ്യ യോഗ്യത ഫ്രെയിം വർക്ക് (National Skills Qualifications Framework (NSQF)) സാർവത്രികമാക്കുന്നതിന്റെ ഭാഗമായി National Skill Development Corporation (NSDC)-മായി സഹകരിച്ച് നൈപുണ്യ പരിശീലന ഏജൻസികൾക്ക് ദേശീയ നൈപുണ്യ യോഗ്യത പരിശീലന പരിപാടി നടത്തിയെന്നും ഹ്രസ്വകാല നൈപുണ്യ വികസന പദ്ധതിയുടെ ഉന്നമനത്തിനായി നൈപുണ്യ ക്ലബ്ബുകളും യൂത്ത് ഇന്നൊവേഷൻ അവാർഡും നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും 22 വ്യത്യസ്ത മേഖലകളിൽ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ കഴിഞ്ഞവർക്ക് അവരുടെ നൂതന ആശയങ്ങൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി യൂത്ത് ഇന്നൊവേഷൻ അവാർഡിന്റെ ഒന്നും രണ്ടും സ്ഥാനക്കാർക്ക് 20,000 രൂപ, 10,000 രൂപ ക്രമത്തിലും 22 സെക്ടറുകളിലും ഏറ്റവും നല്ല പ്രൊപ്പോസൽ സമർപ്പിക്കുന്നവർക്ക് 25,000 രൂപയുടെ സമ്മാനത്തുക നൽകുകയും ചെയ്യുന്നുണ്ടെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചു.

ഏതൊക്കെ മേഖലകളിൽ ഏതൊക്കെ തൊഴിലുകൾക്കാണ് ട്രെയിനിംഗ് നല്കിയതെന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സമിതിയുടെ അടുത്ത യോഗത്തിന് മുമ്പ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ പരമ്പരാഗത തൊഴിലുകളുൾപ്പെടെ 22 സെക്ടറുകളിൽ സെന്റർ ഓഫ് എക്സലൻസ് വഴി ട്രെയിനിംഗ് നൽകുന്നുണ്ടെന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാമെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിക്ക് ഉറപ്പുനൽകി.

ഖണ്ഡിക 10

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഗൾഫ്/യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന നഴ്സുമാർക്ക് ഭാഷാ പരിശീലനത്തിന്റെ ആവശ്യകത മനസ്സിലാക്കി ODEPC-മായി ചേർന്നുകൊണ്ട് മികവിന്റെ കേന്ദ്രമായ Multi Language Learning Centre അങ്കമാലിയിലും കോഴിക്കോടും ആരംഭിച്ചുവെന്നും 220 പേർക്ക് OET/IELTS പരീക്ഷ നടത്താനുള്ള സൗകര്യവും സൗണ്ട് പ്രൂഫ് ഫെസിലിറ്റിയുമുള്ളതും 22 മുറികളുള്ളതുമായ OET ടെസ്റ്റിംഗ് കേന്ദ്രം ആരംഭിച്ചു കഴിഞ്ഞുവെന്നും നാളിതുവരെ OET വഴി 46 പേർക്കും Multi Language Learning Centre വഴി 76 പേർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 18

കെ.എസ്.ഐ.ഡി.യുടെ പ്രവർത്തന പുരോഗതിക്കായി 2019-ൽ പാർലമെന്റ് പാസ്സാക്കിയ എൻ.ഐ.ഡി. ആക്ടിന്റെ മാതൃകയിൽ കെ.എസ്.ഐ.ഡി. നിയമം പാസ്സാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി. നിയമത്തിന്റെ കരട് അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചപ്പോൾ ഭരണഘടനയിലെ പട്ടിക 7 ലിസ്റ്റ് 1 ഉൾക്കുറിപ്പ് 65-ലെ വ്യവസ്ഥ പ്രകാരം സാങ്കേതിക പരിശീലനം നടത്തുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്കി ല്ലാത്തതിനാൽ പ്രസ്തുത നിയമം പാസ്സാക്കുന്നതിന് നിയമസഭയ്ക്ക് സാധിക്കില്ലെന്ന മറുപടി ലഭിച്ചതായി KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 26

കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ പബ്ലിക് ലൈബ്രറിയിൽ പ്രവർത്തിച്ചിരുന്ന കൗശൽ കേന്ദ്ര സെന്റർ പാളയം BSNL കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും 17-02-2021-ൽ ആയതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തുവെന്നും കൗശൽ കേന്ദ്ര സെന്ററുകൾ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ കോന്നിയിലും കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിലും പ്രസ്തുത സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നുവെന്നും ഇതിൽ ബേഡഡുക്കയിലെ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടെന്നും കോന്നിയിലെ സെന്റർ ആരംഭിക്കുന്നതിന് കെട്ടിടം ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിന്റെ എഗ്രിമെന്റ് നടപടികൾ നടന്നുവരുന്നുവെന്നും ഈ സാമ്പത്തിക വർഷം തന്നെ എല്ലാ ജില്ലകളിലും കൗശൽ

കേന്ദ്ര സ്ഥാപിക്കുന്നതിനുള്ള നടപടികൾ KASE-ന്റെ പരിഗണനയിലുണ്ടെന്നും KASE ന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ അറിയിച്ചു. സമിതിക്ക് ലഭ്യമാക്കിയ കുറിപ്പിൽ കോഴിക്കോട് ജില്ലയിലെ കാര്യം മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂവെന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് ബാക്കിയുള്ളവ അഡീഷണലായി ചെയ്ത നടപടികളാണെന്നും ഇനി മുതൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഉറപ്പുനൽകി.

ഖണ്ഡിക 35

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി പത്ത് ഐ.ടി.ഐ.കളാണ് KASE എസ്.പി.വി. ആയി ഏറ്റെടുത്തിരിക്കുന്നതെന്നും അതിൽ എട്ട് ഐ.ടി.ഐ.കളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഗവൺമെന്റ് ഐ.ടി.ഐ. കയ്യൂരും ചാലക്കുടിയിലുമാണ് പ്രവർത്തനം നടത്താൻ സാധിക്കാതിരുന്നതെന്നും കാസർഗോഡ് ഇ.കെ.നായനാർ മെമ്മോറിയൽ ഐ.ടി.ഐ.യിൽ ടെണ്ടറിൽ പങ്കെടുക്കാൻ ആരുമില്ലായിരുന്നുവെന്നും ചാലക്കുടി ഐ.ടി.ഐ. റീ-ഡിസൈൻ ചെയ്ത് പണി തുടർന്നുകൊണ്ടിരിക്കുന്നുവെന്നും ധനുവച്ചപുരം ഐ.ടി.ഐ.യുടെ ഉദ്ഘാടനം അടുത്ത മാസം 6-ാം തീയതി നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചപ്പോൾ വിവിധ ഘട്ടങ്ങളിൽ നിർമ്മാണ പ്രവൃത്തി നടക്കുന്നതിൽ ഒന്ന് മലമ്പുഴ ഐ.ടി.ഐ.യുടേതാണെന്നും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായതിനാൽ കുറച്ച് പരാതികൾ നിലനിൽക്കുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാണിക്കുകയും മന്ത്രിതലത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ച് അവലോകനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പത്ത് ഐ.ടി.ഐ.കൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഗവൺമെന്റ് ഐ.ടി.ഐ. ധനുവച്ചപുരം 94 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. മലമ്പുഴ, പാലക്കാട് 77 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. കൊയിലാണ്ടി 85 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. കണ്ണൂർ 53 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. ഏറ്റുമാനൂർ 94 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. ചെങ്ങന്നൂർ 22 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. കട്ടപ്പന 59 ശതമാനവും ഗവൺമെന്റ് ഐ.ടി.ഐ. ചന്ദനത്തോപ്പ് 68

ശതമാനവും നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചു.

ഓരോ ഐ.ടി.ഐ.യുടെയും 100 ശതമാനം പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പണി പൂർത്തിയാക്കാനുള്ള തടസ്സമെന്താണെന്നും വിശദമാക്കുന്ന റിപ്പോർട്ട് അടുത്ത യോഗത്തിനുമുമ്പ് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമ്പോൾ പ്ലേസ്മെന്റ് കിട്ടുന്ന രീതിയിലുള്ള സിലബസ്സാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് KASE-ന് എസ്.പി.വി.യുടെ ചുമതല മാത്രമാണുള്ളതെന്നും അക്കാഡമിക് കാര്യങ്ങൾ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ് ആണ് നടത്തുന്നതെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചു.

ഇന്റർനാഷണൽ ഐ.ടി.ഐ. എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉള്ളതും ഏറ്റവും ആധുനികവുമായ ഐ.ടി.ഐ. എന്നാണെന്നും അതിനോട് അനുബന്ധിച്ച് ആഗോള മാർക്കറ്റിൽ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള ഏകദേശം 12 ഓളം കോഴ്സുകൾ K.G.T.E. പുറത്തിറക്കിയിട്ടുണ്ടെന്നും N.S.Q.F.ൽ ഉൾപ്പെടുന്ന കോഴ്സുകൾ Soil testing and Crop Technician, Internet of Things for Smart Agriculture, Internet of Things for Smart Health Care, Internet of Things (Smart City), Smartphone Technician cum App Tester, Geo -Informatics Assistant, Electrician- Power Distribution, Additive Manufacturing Technician, 3 D Printing, Remotely Piloted Aircraft Drone Pilot, Technician-Aquatronics, Solar Technician (Electrical), Information Technology, Multimedia/Animation/Special Effects തുടങ്ങിയവയാണെന്നും ഇത്തരത്തിലുള്ള കോഴ്സുകൾ അത്യാധുനികമായ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു. കോഴ്സിനുള്ള അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചും ഓരോ കോഴ്സിന്റെയും പ്രയോജനത്തെക്കുറിച്ചുമുള്ള വിശദമായ റിപ്പോർട്ട് അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കെട്ടിട നിർമ്മാണം പൂർത്തിയാക്കുമ്പോൾ തന്നെ ക്ലാസ് തുടങ്ങാനുള്ള തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടോയെന്നും പ്ലെയ്സ്മെന്റ് ലഭിക്കുമെന്നതിന് എന്താണ് ഉറപ്പുള്ളതെന്നും സ്വന്തമായി തൊഴിൽ ചെയ്യാനുള്ള അവസരം ഒരുക്കുമോയെന്നും മറ്റും വിശദമായ പഠനം നടത്തിയിട്ടാണോ ടി കോഴ്സിന് അംഗീകാരം നൽകിയിട്ടുള്ളതെന്ന്

സമിതി ആരാഞ്ഞപ്പോൾ തൊഴിൽ ലഭിക്കുന്ന കോഴ്സുകളാണെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ടെന്നും വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

എംപ്ലോയബിലിറ്റി സെന്റർ കേരളത്തിൽ ആദ്യം വന്നത് ചിറ്റൂർ മണ്ഡലത്തിലാണെന്നും അവിടത്തെ വ്യവസായ പ്രമുഖരുമായി ചർച്ച ചെയ്ത് അവരുടെ ആവശ്യമെന്തെന്ന് മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് നൽകിയതുകൊണ്ട് 2700 ആളുകൾക്കാണ് അവിടെ പ്ലെയ്സ്മെന്റ് ലഭിച്ചതെന്നും ചൂണ്ടിക്കാണിച്ച സമിതി ഈ രീതിയിൽ വ്യവസായികളുമായി ചർച്ച ചെയ്ത് അവരുടെ ആവശ്യപ്രകാരമുള്ള കോഴ്സുകൾ എന്തൊക്കെയാണെന്ന് അറിഞ്ഞതിനുശേഷമാണോ കോഴ്സുകൾ നൽകുന്നതെന്ന് ആരാഞ്ഞു. സാധാരണ ഒരു കോഴ്സ് സെലക്ട് ചെയ്യുമ്പോൾ പ്രാദേശികമായി ഉണ്ടാകാൻ സാധ്യതയുള്ള തൊഴിലവസരങ്ങൾ കൂടി കണക്കിലെടുക്കാറുണ്ടെന്നും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനേക്കാൾ പ്രാദേശികമായ അവസരങ്ങളെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവിയുമായി ചർച്ച ചെയ്താണ് കോഴ്സുകൾ തീരുമാനിക്കുന്നതെന്നും NSQF-ന്റെ ഏതുലെവൽ കോഴ്സുകൾ വേണമെന്ന് അവരാണ് തീരുമാനിക്കുന്നതെന്നും വ്യവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. കോയമ്പത്തൂർ, മുംബൈ, തുടങ്ങിയ നഗരങ്ങൾക്ക് പുറമേ ഗൾഫ് രാജ്യങ്ങളിലെ അവസരങ്ങൾ കൂടി ചർച്ച ചെയ്തശേഷമാണ് കോഴ്സുകൾ തെരഞ്ഞെടുക്കേണ്ടതെന്നും പുതിയ പ്രൊപ്പോസൽ കൊണ്ടുവരുമ്പോൾ പുതിയ സാങ്കേതികവിദ്യകൾ കൂടി കണക്കിലെടുത്തുകൊണ്ട്, നമ്മുടെ സാധ്യതകൾക്കനുസരിച്ചുമുള്ള കോഴ്സുകളാണ് തെരഞ്ഞെടുക്കേണ്ടതെന്നും കാർഷിക മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായും ന്യൂജൻ ഇൻഡസ്ട്രീസിന് സഹായകരമായ രീതിയിലുമുള്ള കോഴ്സുകളാണ് ഉൾപ്പെടുത്തേണ്ടതെന്നും സംസ്ഥാനത്തിന് ആവശ്യമുള്ള കാര്യങ്ങൾ മനസ്സിലാക്കി അതിനനുസൃതമായി കോഴ്സുകൾ ഉൾപ്പെടുത്തണമെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമിതിക്ക് നൽകണമെന്നും തുടർന്ന് ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 39

സ്കിൽ രജിസ്ട്രിയുമായി ബന്ധപ്പെട്ട നടപടികളും പ്രവർത്തനങ്ങളും സമയബന്ധിതമായി

പൂർത്തീകരിക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റുവഴി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ഇതുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നുവെന്നും ട്രെയിനിംഗ് സർട്ടിഫിക്കറ്റില്ലാത്ത വിദഗ്ധ തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജനപ്രതിനിധിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സ്കിൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചു.

<u>ഖണ്ഡിക 40</u>

പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞുവെന്നും ഇതിന്റെ ഭാഗമായി എല്ലാ യൂണിവേഴ്സിറ്റികളിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ 245506 ഉദ്യോഗാർത്ഥികളുടെ അടിസ്ഥാന വിവരങ്ങൾ പോർട്ടൽ സംയോജിപ്പിച്ചു കഴിഞ്ഞുവെന്നും എല്ലാ അദ്ധ്യയന വർഷത്തിന്റെയും അവസാനം യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സംയോജന പ്രക്രിയ നടത്തി വരുന്നുവെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ അറിയിച്ചു. കുട്ടികൾക്ക് പഠനത്തോടൊപ്പം പാർട്ട്ടൈമായി ട്രെയിനിംഗ് നൽകുന്നതിന്റെ സാധ്യതകൾ തൊഴിൽ വകുപ്പ് കണ്ടെത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ബി.കോം പോലുള്ള ഡിഗ്രി കോഴ്സുകൾ പഠിച്ച കുട്ടികൾക്ക് എവിടെയൊക്കെയാണ് ജോലി സാധ്യതയുള്ളതെന്ന് കണ്ടെത്തി അതിനുള്ള ട്രെയിനിംഗ് നൽകിയാൽ ഭാവിയിൽ ജോലി ലഭിച്ചില്ലെങ്കിൽപ്പോലും സ്വന്തമായി അവർക്ക് വരുമാനം കണ്ടെത്താൻ സാധിക്കുമെന്ന് സമിതി വിലയിരുത്തി. കെ-ഡിസ്കുമായി ബന്ധപ്പെട്ട് ഇപ്പോൾ 72 വാല്യൂ ആഡഡ് കോഴ്സ്സുകളുണ്ടെന്നും ഇപ്പോൾ പഠിച്ചിറങ്ങുന്നവർക്ക് കൂടുതൽ പഠിക്കാനായി പ്രസ്തുത കോഴ്സുകൾക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും അതിന്റെ അംഗീകാരത്തിനുള്ള സാമ്പത്തിക സഹായം ചെയ്യാമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ടെന്നും അടുത്ത വർഷം മുതൽ കോഴ്സുകൾ ആരംഭിക്കുമെന്നും വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക 41

സമിതി ശിപാർശയിൽ ആവശ്യപ്പെട്ടതനുസരിച്ച് ഡിജിലോക്കർ ഫെസിലിറ്റി, ഡാറ്റാ അനാലിസിസ്, എ.പി.ഐ. ഇന്റഗ്രേഷൻ എക്രോസ്സ് പ്ലാറ്റ്ഫോംസ്, മാനേജ്മെന്റ് സിസ്റ്റംസ്, ജോബ് ബ്ലോഗ്സ് തുടങ്ങിയ സംവിധാനങ്ങൾ ജോബ് പോർട്ടലിൽ ഇതിനോടകം ഏകോപിപ്പിച്ചിട്ടുണ്ടെന്ന് KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 42

KASE മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ദൃശ്യ-സാമൂഹ്യ മാധ്യമങ്ങൾ വഴിയും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വഴിയും പരസ്യപ്രചരണങ്ങൾ പ്രധാനമായും നടത്തിവരുന്നുണ്ടെന്നും ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഴി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്ന നടപടികൾ പരിശോധിച്ച് നടപ്പിലാക്കുന്നതാണെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ വ്യക്തമാക്കി.

ഖണ്ഡിക 43

ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിസൈൻ, മാനേജ്മെന്റ്, ലാംഗ്വേജ് ട്രാൻസ്‌ലേഷൻ സ്കിൽസ് തുടങ്ങിയ മേഖലകളിൽ പുതിയ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണെന്നും നിലവിൽ അനുയോജ്യമായ പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ലെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചു.

ഖണ്ഡിക 44

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയ മേഖലകളിലെ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നുവെന്നും ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട മേഖലകളിൽ നിലവിൽ അനെർട്ടുമായി ചേർന്ന് കോഴ്സുകൾ നടത്തുന്നുണ്ടെന്നും അനെർട്ട് തന്നെയാണ് ട്രെയിനിംഗ് നൽകുന്നതെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതിയെ

ബോധ്യപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് അനെർട്ട് നടപ്പിലാക്കുന്ന കാര്യങ്ങൾ സംബന്ധിച്ച അധിക വിവരം ലഭ്യമാക്കണമെന്ന് ഊർജ്ജ വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

4. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട, സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നം. 5306/സബ്.സി.സി.1/2016/നി.സെ.)

പൊതുവിദ്യാഭ്യാസ (N) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 31 സംബന്ധിച്ച മറുപടി ചുവടെ ചേർക്കുന്ന ചർച്ചയ്ക്ക് ശേഷം സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 31</u>

ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2017-ൽ 'ചങ്ങാതി' എന്ന പദ്ധതി ആരംഭിച്ചുവെന്നും നാല് മാസം കൊണ്ട് ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലയാള ഭാഷ എഴുതാനും വായിക്കാനും പഠിപ്പിക്കുന്ന പദ്ധതി 2016-ൽ ആരംഭിച്ചുവെന്നും 2017 ജനുവരി 26 മുതൽ 29 വരെയായിരുന്നു ഇതിന്റെ ആദ്യഘട്ടമെന്നും 2017-18 ൽ നടപ്പിലാക്കിയ രണ്ടാംഘട്ടത്തിൽ 13 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സർവ്വേ നടത്തുകയും അതിന്റെ തുടർച്ചയായി 150 ഇൻസ്ട്രക്ടർമാർ ക്ലാസ്സുകൾ നടത്തുകയും ചെയ്തിരുന്നുവെന്നും കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ അറിയിച്ചു. 2018 സെപ്റ്റംബർ 16-ന് മികവുത്സവം എന്ന പേരിൽ പരീക്ഷ നടത്തുകയും തുടർന്ന് ക്ലാസ്സുകൾ പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തുവെന്നും 2256 പേർ മികവുത്സവത്തിൽ പങ്കെടുത്തിരുന്നുവെന്നും രണ്ടാംഘട്ടവും വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചുവെന്നും 2018-19-ൽ 14 ജില്ലകളിലും ടി പദ്ധതി പൂർത്തിയാക്കിയെന്നും 3311 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മൂന്നാംഘട്ടമായ 2018-19 ൽ, കോവിഡ് പ്രതിസന്ധിയെ തുടർന്ന് സാധ്യതാ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതിന്റെ തുടർച്ച ഉണ്ടായില്ലെന്നും 'ഹമാരി മലയാളം' എന്ന പേരിൽ പഠിതാക്കൾക്ക് പുസ്തകം ഉൾപ്പെടെ സാക്ഷരതാ മിഷൻ തയ്യാറാക്കിയിരുന്നെങ്കിലും പൂർത്തിയാക്കാനായില്ലെന്നും മൂന്നാംഘട്ട സർവ്വേയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുടുംബവും ഉൾപ്പെട്ടിട്ടുണ്ടെന്നും അവരുടെ കുട്ടികൾക്ക്

ആരോഗ്യ സുരക്ഷാ പദ്ധതികൾ, ശുചിത്വപരിശീലന പദ്ധതി മുതലായവ നടപ്പിലാക്കേണ്ടതുണ്ടെന്നും അതിലേയ്ക്കായി സാധ്യതാപഠനം ആവശ്യമാണെന്നും അതുമായി ബന്ധപ്പെട്ട സർവ്വേ അടിയന്തരമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ അറിയിച്ചു.

ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്താണ് അപ്നാഘർ പദ്ധതിയുടെ ആവശ്യം വരുന്നതെന്നും എന്നാൽ ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിൽ ടി പദ്ധതി ആരംഭിച്ചതായി കാണുന്നില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു. ആയതിന് അപ്നാഘർ പദ്ധതിയുടെ ഒന്നാം ഘട്ടം പെരുമ്പാവൂരാണ് നടന്നതെന്നും കഞ്ചിക്കോട്ടും ടി പദ്ധതി ആരംഭിച്ചെങ്കിലും ആയതിന് തുടർച്ചയുണ്ടായില്ലെന്നും പ്രസ്തുത വിഷയങ്ങൾ ഗൗരവത്തോടെ പഠിച്ച് വളരെ കാര്യക്ഷമമായി മുന്നോട്ട് പോകുന്നതാണെന്നും കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും പ്രാദേശിക ട്രേഡ് യൂണിയൻ നേതാക്കളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ തൊഴിലാളികളുമായുള്ള ചർച്ചയും മറ്റും കാര്യക്ഷമമാകുവെന്നും ഇക്കാര്യം കൂടി പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചപ്പോൾ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ ഉറപ്പുനൽകി.

## V <u>വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ</u>

വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച ചുവടെ ചേർക്കുന്ന കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു.

1. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് - 2018-19

   (ഫയൽ നം. 143/സബ്.സി.സി1/2019/നി.സെ.)

2. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് - 2020-21

   (ഫയൽ നം. 1781/സബ്.സി.സി1/2021/നി.സെ.)

3. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് - 2020-21

(ഫയൽ നം. 1781/സബ്.സി.സി1/2021/നി.സെ..)

4. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് - 2020-21

(ഫയൽ നം. 1781/സബ്.സി.സി1/2021/നി.സെ.)

5. വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, കിലെ, ഒഡെപെക് - 2020-21

(ഫയൽ നം. 1781/സബ്.സി.സി1/2021/നി.സെ.)

6. 4810-00-800-99, 2810-00-800-94, 2810-00-800-79 - 2020-21

(ഫയൽ നം. 1781/സബ്.സി.സി1/2021/നി.സെ.)

## VI സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

കേരള സംസ്ഥാന ചെറുകിട റൈസ്, ഫ്ലവർ ആൻഡ് ഓയിൽ മില്ലേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനം തുടർനടപടി സംബന്ധിച്ച്

(ഫയൽ നം. 2737/സബ്.സി.സി1/2022/നി.സെ.)

പ്രസ്തുത നിവേദനത്തിലെ 12 ആവശ്യങ്ങളിൽ, കേരള സംസ്ഥാന ചെറുകിട റൈസ്, ഫ്ലവർ ആൻഡ് ഓയിൽ മില്ലുകൾ ഉൾപ്പെട്ടിട്ടുള്ള 20 കെ.വി. വൈദ്യുതി ഉപയോഗിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് ഫിക്സഡ് ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കണമെന്ന ആവശ്യം മാത്രമേ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് വരുന്നുള്ളൂവെന്നും ബാക്കിയുള്ളവ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും മനസ്സിലാക്കിയ സമിതി ടി വിഷയം വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട വിഷയനിർണ്ണയ സമിതി-IV ന് കൈമാറുവാൻ തീരുമാനിച്ചു.

ശിപാർശകൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും കൃത്യമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിട്ടും ആയത് അനുവദിക്കാതിരിക്കുന്നതും ഒരു സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം ചെലവഴിക്കാതിരുന്ന് പിന്നീട് അതേ ശീർഷകത്തിൽ അടുത്ത സാമ്പത്തിക വർഷം അധിക തുക ആവശ്യപ്പെടുന്നതും ശരിയായ നടപടിയല്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി, സമയബന്ധിതമായി കൃത്യമായ രൂപരേഖ തയ്യാറാക്കിയതിനുശേഷമായിരിക്കണം ഓരോ സാമ്പത്തിക വർഷവും അധിക തുക

ആവശ്യപ്പെടേണ്ടതെന്നും ഇക്കാര്യങ്ങളിൽ വകുപ്പുകൾക്ക് ശ്രദ്ധയുണ്ടാകണമെന്നും നിർദ്ദേശിച്ചു. എല്ലാ മാസവും ഒരു യോഗം കൂടണമെന്ന ചട്ടം നിലവിലുള്ളതിനാൽ സമിതിക്കുള്ള കുറിപ്പുകൾ യഥാസമയം ലഭ്യമാക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

സമിതി യോഗം വൈകുന്നേരം 05.10-ന് പിരിഞ്ഞു

## 23.08.2022 ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2022 ആഗസ്റ്റ് മാസം 23-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.20-ന് നിയമസഭാ സമുച്ചയത്തിലെ 'IV-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ.കെ.എം. അഷ്റഫ്, എം. എൽ. എ.
3. ശ്രീ. എം.എം. മണി, എം.എൽ.എ.
4. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
5. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
6. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
7. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

## <u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി മിനി ആന്റണി, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ഡോ. നവ്ജ്യോത് ഖോസ, ലേബർ കമ്മീഷണർ, തൊഴിൽ വകുപ്പ്
3. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്

സമിതി, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, ബോർഡിലേയ്ക്ക് തൊഴിലാളി അടയ്ക്കുന്ന അംശദായം 'പ്രതിമാസം ഇരുപതു രൂപാ വീതം' എന്നുള്ളത് 'പ്രതിമാസം അൻപത് രൂപാ വീതം' എന്ന ഭേദഗതി നിർദ്ദേശം സമിതി അംഗീകരിച്ചു. സർക്കാർ വിഹിതം നിലവിലെ 5 ശതമാനത്തിൽ നിന്ന് വർദ്ധിപ്പിക്കാത്തതിൽ ശ്രീ. അൻവർ സാദത്ത്, ശ്രീ.എ.കെ.എം. അഷ്റഫ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

ആഭരണങ്ങളുടെ അവസാന വിൽപ്പനക്ക് സെസ്സ് ചുമത്തിയതിനെതിരെ ജ്വല്ലറി ഉടമകൾ ഹൈക്കോടതിയിൽ 137 കേസ്സുകൾ ഫയൽ ചെയ്തിരുന്നുവെന്നും മുൻ തൊഴിൽ വകുപ്പുമന്ത്രി വിളിച്ച യോഗത്തിൽ കേസ്സുകളെല്ലാം പിൻവലിക്കാമെന്ന് ജ്വല്ലറി ഉടമകൾ ഉറപ്പുനൽകിയതിന്റെയടിസ്ഥാനത്തിൽ അവരുടെ അഭ്യർത്ഥന പ്രകാരം 0.25 ശതമാനം സെസ്സ് 0.1 ശതമാനമായി കുറയ്ക്കുകയും ചെയ്തിരുന്നുവെന്നും മറ്റ് സംസ്ഥാനങ്ങളിൽ ആഭരണങ്ങൾ നിർമ്മിച്ചാലും ഇവിടെ വിൽക്കുമ്പോൾ സംസ്ഥാനത്തെ ഓരോ ജ്വല്ലറി ഉടമകളും ഒരു വർഷം 20,00,000 രൂപയ്ക്കു മുകളിൽ കച്ചവടം നടത്തുകയാണെങ്കിൽ അതിന്റെ ഒരു ശതമാനം തുകയാണ് ബോർഡിലേയ്ക്ക് സെസ്സായി നൽകുന്നതെന്നും ഏത് സംസ്ഥാനത്ത് ആഭരണം നിർമ്മിച്ചാലും വിൽക്കുന്നത് കേരളത്തിലാണെങ്കിൽ സെസ്സ് ലഭിക്കുമെന്നും തൊഴിൽ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ആഭരണ സെസ്സ് ഇനത്തിൽ ആകെ 9 ലക്ഷം രൂപയാണ് പിരിഞ്ഞു കിട്ടിയിരിക്കുന്നതെന്നും അംശദായമായ 20 രൂപ വച്ച് പിരിഞ്ഞുകിട്ടുന്ന അൻപത് ലക്ഷത്തോളം വരുന്ന തുകയും മറ്റ് ഗവൺമെന്റ് സഹായങ്ങളും മാത്രമാണ് നിലവിൽ ടി ക്ഷേമനിധിയെ നിലനിർത്തിക്കൊണ്ടുപോകാൻ സഹായിക്കുന്നതെന്നും അംശദായം 50 രൂപയാക്കിയാൽ 1.25 കോടി രൂപ ലഭിക്കുമെന്നും മൂന്ന് കോടി രൂപയിലേറെ സാമ്പത്തിക സഹായം ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ടെന്നും ക്ഷേമനിധിയുടെ അടിസ്ഥാന വരുമാനമായ ഇത്തരം പരിമിതമായ സഹായങ്ങൾ പോലും നൽകാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും നിയമപരമായി ഏതുതരത്തിലുള്ള വരുമാന വർദ്ധനവിനെയും സ്വാഗതം ചെയ്യുന്നുവെന്നും തൊഴിൽ വകുപ്പ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

അന്യസംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ കൂലിക്ക് ആഭരണം പണി ചെയ്തുകൊണ്ടുവന്നാണ് ഇവിടെ വിൽക്കുന്നതെന്നും അത്തരം ആഭരണങ്ങൾക്ക് സെസ്സ് ചുമത്തണമെന്നും തദ്വാരാ വലിയ ഒരു തുക സ്വരൂപിക്കാൻ കഴിയുന്നതിനോടൊപ്പം ഇവിടെയുള്ള തൊഴിലാളികൾക്ക് ജോലിയും ലഭിക്കുമെന്നും ഇങ്ങനെ സ്വരൂപിക്കുന്ന തുക ക്ഷേമനിധിയിലേക്ക് അടയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. പുറത്ത് നിന്ന് പണി ചെയ്തു കൊണ്ടു വരുന്ന ആഭരണങ്ങൾക്ക് സെസ്സ് ചുമത്തുമ്പോൾ ഇവിടെയുള്ള തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കാൻ സ്വർണ്ണക്കടക്കാർക്ക് താൽപര്യം തോന്നുകയും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തി. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നികുതി വകുപ്പുമായി യോഗം ചേർന്ന് റിപ്പോർട്ട് സമർപ്പിക്കാമെന്ന് തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ജേർണലിസ്റ്റിനും നോൺ ജേർണലിസ്റ്റിനും ക്ഷേമ നിധി ബോർഡുണ്ടെങ്കിലും പ്രാദേശിക പത്ര പ്രവർത്തകർക്ക് മാത്രമായി ഒരു ക്ഷേമനിധി ബോർഡ് അത്യാവശ്യമാണെന്നും അതോടൊപ്പം പ്രൈവറ്റ് ടെലികോം മേഖലയിൽ ജോലി ചെയ്യുന്നവർക്കും സർക്കാരിന്റെ യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ പ്രൈവറ്റ് ടെലികോം മേഖലയിലെ തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി

ക്ഷേമനിധി ബോർഡിൽ ചേരാവുന്നതാണെന്നും പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിക്കാനുള്ള ഫയൽ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരിഗണനയിലാണെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു. പ്രസ്തുത വിഷയം സമിതിയുടെ പരിഗണനയിൽ വരുന്നതല്ലെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും കൂടാതെ ഒരു ക്ഷേമനിധിയിലും അംഗമല്ലാത്തവരെ അസംഘടിത തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ചേരുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളെ പ്രേരിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി യോഗം വൈകുന്നേരം 6.45-ന് പിരിഞ്ഞു.

## 23.11.2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2022 നവംബർ മാസം 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ അൻവർ സാദത്ത്, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
3. ശ്രീമതി ശ്രീകല റ്റി. ആർ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീമതി ശ്രീകല സി. എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
5. ശ്രീമതി സിന്ധു പി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി ദീപ എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

7. ശ്രീമതി എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

8. ഡോ. മാലിനി എസ്., ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

9. ശ്രീമതി ഉമാദേവി എൽ.ഡി., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

10. ശ്രീ. കെ. എം. സുനിൽ, അഡീഷണൽ ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്.

11. ശ്രീ. ബിജു കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്.

12. ശ്രീ. ഉദയൻ സി. സി., ഫിനാൻസ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

13. ശ്രീ. ആനന്ദ് പ്രകാശ് സ്കോട്ട്ലിൻ, കമ്പനി സെക്രട്ടറി, ഭവനം ഫൗണ്ടേഷൻ കേരള.

14. ശ്രീമതി സീജ എസ്. വി., അസിസ്റ്റന്റ് മാനേജർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

15. ശ്രീ. ജോ പോൾ പി. വെർജിൽ, പ്രോജക്ട് എൻജിനീയർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

16. ശ്രീ. എസ്. എസ്. നമ്പൂതിരി, പ്രോജക്ട് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

17. ശ്രീ. റ്റി. വി. വിനോദ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

18. ഡോ. ജി. എൽ. മുരളീധരൻ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള.

സമിതി, ചട്ടം 235(എ) പ്രകാരം 28.12.2021-ന് ചേർന്ന യോഗത്തിലെ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, കരട്

ചട്ടം, ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയൽ, കാലതാമസപത്രികകൾ, സമിതിയുടെ കരട് റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

I) നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ഭവനനിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും സംബന്ധിച്ച്ചട്ടം 235 (എ) പ്രകാരം 28.12.2021-ന് ചേർന്ന യോഗത്തിന്റെ തുടർ ചർച്ച

(ഫ.നം. 349/സബ്.സി.സി.1/2017/നി.സെ.)

നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസപദ്ധതിയും എന്ന വിഷയം പരിഗണിച്ച 28.12.2021-ലെ യോഗത്തിൽ, പ്രീഫാബ് ടെക്നോളജിയുമായി ബന്ധപ്പെട്ട് ഒരിക്കൽക്കൂടി ഭവനം ഫൗണ്ടേഷനുമായി ചർച്ച നടത്തുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പിന് സമിതി നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന്, പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ ചെലവും അതിനായി ചെലവഴിക്കേണ്ടി വരുന്ന സമയവും സംബന്ധിച്ച ആശങ്ക ഗുണഭോക്താക്കൾക്കിടയിലുണ്ടെന്നും പ്രസ്തുത പദ്ധതി അനുയോജ്യമാണോയെന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുമായി ചർച്ച നടത്തിയപ്പോൾ തൃപ്തികരമായ മറുപടിയല്ല ലഭിച്ചതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

കൃത്യമായ സാങ്കേതിക സ്വഭാവമുള്ള ഒരു അവലോകന റിപ്പോർട്ടാണ് സമിതി ആവശ്യപ്പെട്ടിരുന്നത് എന്നതിനാൽ 'ടീമെജ് പ്രീകാസ്റ്റ് ഇൻ ' എന്ന കമ്പനിയുമായി ഭവനം ഫൗണ്ടേഷൻ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഐ.ഐ.ടി. മദ്രാസുമായി കൂടിയാലോചിച്ച് കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടാണ് സമിതി മുമ്പാകെ സമർപ്പിച്ചിരിക്കുന്നതെന്നും സുസ്ഥിരതയുടെ കാര്യത്തിൽ ടി പദ്ധതി കാര്യക്ഷമമായ രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണെന്ന് ഐ.ഐ.ടി. മദ്രാസ് അഭിപ്രായ പ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കിറ്റ്കോ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നതെന്നും ശക്തമായ കാറ്റും കനത്ത മഴയുമുള്ള പ്രദേശങ്ങളിലും താപനില വ്യതിയാനമുള്ള

പ്രദേശങ്ങളിലും പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന്റെ ഗുണ ഫലങ്ങൾ, പരിശോധനാഫലം, പൂർത്തീകരിച്ച പദ്ധതികൾ എന്നിവയെക്കുറിച്ച് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. മറ്റ് പദ്ധതികളെ അപേക്ഷിച്ച് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിന്റെ ചെലവിൽ 20 ശതമാനത്തോളം വർദ്ധനവുണ്ടെങ്കിലും നിർമ്മാണത്തിന് വേണ്ടിവരുന്ന സമയം കുറവാണെന്ന മെച്ചമുണ്ടെന്നും കൂടാതെ പരമ്പരാഗത നിർമ്മാണ സാമഗ്രികളുടെ ആവശ്യം ഈ സാങ്കേതിക വിദ്യയിൽ ഉണ്ടാകുന്നില്ലെന്നും പ്രകൃതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നതെന്നുമാണ് ഐ.ഐ.ടി. മദ്രാസ് പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നതെന്നും എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത പദ്ധതിയെ വേണ്ട രീതിയിൽ ഉൾക്കൊള്ളാൻ തയ്യാറാകാത്തതാണ് നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികൾക്കായി 12 ഏക്കർ സ്ഥലത്ത് ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഓരോരുത്തർക്കും മൂന്ന് സെന്റ് സ്ഥലമെങ്കിലും നൽകണമെന്ന് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്ന-തിനാൽ ആയത് സാധ്യമാകാത്ത സ്ഥിതിയാണുള്ളതെന്ന് സമിതി അഭിപ്രായപ്പെട്ടു .

ലൈഫ് മിഷൻ പദ്ധതിയുടെ ഫ്ളാറ്റ് നിർമ്മാണത്തിന് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വരുന്നതായും ലൈഫ് പദ്ധതിയിൽ 7-8 പ്രോജക്ടുകൾ പ്രീഫാബ് പദ്ധതി ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ടെന്നും അതിൽ മേനംകുളത്തും കുളത്തുപ്പുഴയിലും നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് അസംഘടിത/ പ്ലാന്റേഷൻ മേഖലകളിലെ തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രീഫാബ് സാങ്കേതിക വിദ്യ

ഉപയോഗിക്കണമെന്ന ശിപാർശയാണ് നൽകിയതെന്നും തോട്ടം മേഖലയിൽ വ്യക്തിഗത ഭവന പദ്ധതി പ്രകാരം നാല് ലക്ഷം രൂപയാണ് അനുവദിച്ച് വരുന്നതെന്നും പ്രസ്തുത തുകയിൽ പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയില്ലെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചതിന്, അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ് എന്ന് സമിതി അഭിപ്രായപ്പെട്ടു. ബഹുനില കെട്ടിടനിമ്മാണങ്ങൾക്കെല്ലാം നാലുലക്ഷം രൂപയിൽ കൂടുതൽ തുക ആവശ്യമായി വരുന്നതിനാൽ സ്പോൺസർഷിപ്പ് വഴിയും സർക്കാർ ഇതര സംഭാവനകൾ വഴിയും ഫണ്ട് ലഭ്യമാക്കിയാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചത് പോലെയാണ് തൃശ്ശൂർ ജില്ലയിലും നിർമ്മിച്ചിട്ടുള്ളതെന്നും തൃശ്ശൂർ ജില്ലയിലെ ഫ്ളാറ്റ് നിർമ്മാണത്തിന് 10.3 ലക്ഷം രൂപ ചെലവായിട്ടുണ്ടെന്നും സഹകരണമേഖലയ്ക്ക് ഫണ്ടുള്ളതിനാലാണ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചതെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്ന മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് പ്രസ്തുത പദ്ധതി പ്രാവർത്തിക- മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിന് നിർദ്ദേശം നൽകി.

II. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് 12.07.2022 ലെ സമിതി യോഗ നിർദ്ദേശത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 4151/സബ്.സി.1/2019/നി.സെ.)

മേൽ വിഷയം സംബന്ധിച്ച് തൊഴിലും നൈപുണ്യവും (സി) വകുപ്പ് 22.12.2022 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

**ഖണ്ഡിക നം. 7**

ദേശീയ നൈപുണ്യ യോഗ്യത ഫ്രെയിം വർക്ക് സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി NSDC-യുമായി സഹകരിച്ച് നൈപുണ്യ യോഗ്യത പരിശീലന പരിപാടിയിൽ ഏതൊക്കെ മേഖലകളിലെ ഏതൊക്കെ തൊഴിലുകൾക്കാണ് ട്രെയിനിംഗ് നൽകിയതെന്നത് സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിച്ചു.

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേരളത്തിലെ നോഡൽ ഏജൻസിയാണ് സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്നും പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നാഷണൽ സ്കിൽ ക്വാളിറ്റി ഫ്രെയിം വർക്കിൽ (NSQF) ഉൾപ്പെട്ട തൊഴിൽ മേഖലകളിൽ പരിശീലനം നൽകിവരുന്നുണ്ടെന്നും ഹ്രസ്വകാല പരിശീലനത്തിലൂടെ 59 കോഴ്സുകളിലായി 27489 പേർ എൻറോൾ ചെയ്യുകയും 26681 പേർ പരിശീലനം പൂർത്തീകരിക്കുകയും മൂല്യനിർണ്ണയത്തിനുശേഷം 19601 പേർക്ക് ഗ്രേഡനുസരിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ 19 തൊഴിൽ മേഖലകളിലായി 2788 തൊഴിലാളികൾ എൻറോൾ ചെയ്യുകയും 2655 പേർക്ക് പരിശീലനം നൽകുകയും 1754 പേർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും നൈപുണ്യ യോഗ്യത പരിശീലന പരിപാടികൾ മുഖേന ട്രെയിനിംഗ് നൽകുന്ന കോഴ്സുകളുടെ മേഖല തിരിച്ചുള്ള പട്ടിക സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക നം. 26**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൗശൽകേന്ദ്ര സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കോഴിക്കോട് ജില്ലയിലെ പാളയത്തും നിലവിൽ കൗശൽകേന്ദ്ര സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിച്ച കൗശൽ- കേന്ദ്ര സെന്റർ 17.11.2022-ൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം

ചെയ്യുവെന്നും തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, വയനാട് ജില്ലകളിൽ കൗശൽകേന്ദ്ര സെന്ററുകൾക്കായി സ്ഥലം ലഭ്യമാകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും മലപ്പുറം ജില്ലയിലെ പൊന്നാനിയിലും തൃശ്ശൂർ ജില്ലയിലെ ഒല്ലൂരും എറണാകുളം ജില്ലയിലെ കളമശ്ശേരിയിലും കോട്ടയം ജില്ലയിലെ ഏറ്റുമാനൂരും ഇടുക്കി ജില്ലയിലെ ദേവികുളത്തും പുതുതായി കൗശൽകേന്ദ്ര സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും ഇതുവരെ 21360 പേർക്ക് ട്രെയിനിംഗ് നൽകുകയും ഇത് സംസ്ഥാനത്താകെ വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക നം. 35**

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന പത്ത് ഐ.ടി.ഐ.കൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉൾപ്പെടെ ഓരോ ഐ.ടി.ഐ.യുടെയും 100% പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പണി പൂർത്തിയാക്കാനുള്ള തടസ്സമെന്തെന്നും വിശദമാക്കുന്ന റിപ്പോർട്ട് സമിതി പരിഗണിച്ചു.

തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരം ഐ.ടി.ഐ.യുടെയും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഐ.ടി.ഐ.യുടെയും പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പ് ഐ.ടി.ഐ.യുടെ 85 ശതമാനവും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ഐ.ടി.ഐ.യുടെ 42 ശതമാനവും കണ്ണൂർ ജില്ലയിലെ ഐ.ടി.ഐ.യുടെ 67 ശതമാനവും പാലക്കാട് ജില്ലയിലെ മലമ്പുഴ ഐ.ടി.ഐ.യുടെ 78 ശതമാനവും പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 95 ശതമാനം പണി പൂർത്തീകരിച്ച കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഐ.ടി.ഐ.യുടെ ഉദ്ഘാടനം സമയബന്ധിതമായി നിർവ്വഹിക്കുന്നതാണെന്നും ഇടുക്കി ജില്ലയിലെ കട്ടപ്പന ഐ.ടി.ഐ.യുടെ 63 ശതമാനം പണിയും പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ പെയിന്റിംഗ് ജോലികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ഐ.ടി.ഐ.യിൽ

ഡിസൈനിന്റെ അപാകത മൂലം റീ-ഡിസൈൻ ചെയ്യേണ്ടി വന്നതിനാൽ കുറച്ചുകൂടി സമയം ആവശ്യമായി വരുന്നുണ്ടെന്നും കാസർഗോഡ് ജില്ലയിലെ കയ്യൂർ ഐ.ടി.ഐ.-യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചെങ്കിലും ടെണ്ടർ നടപടി ആരംഭിക്കുന്നതിനുമുമ്പ് കിഫ്ബിയുടെ പുനരനുമതി ആവശ്യമായതിനാൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും പ്രസ്തുത ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III. <u>കേരള ഇൻഷ്വറൻസ് മെഡിക്കൽ/സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 15765/സബ്.സി.സി1/2022/നി.സെ.)

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് 09.08.2022 തീയതിയായി ലഭ്യമാക്കിയ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടത്തിൽ പി.എസ്.സി. രണ്ട് ഭേദഗതികളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും ആദ്യത്തേത് 2019-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് (ഭേദഗതി) സ്പെഷ്യൽ റൂൾസിലെ ചട്ടം 6-ൽ Plumber or Plumber-cum-operator തസ്തികയുടെ യോഗ്യതയിൽ after the letters and words 'ITI Certificate' എന്നതിനുപകരം after the letters and words 'approved Engineering Firm' എന്ന് ഭേദഗതി വരുത്തണമെന്നും രണ്ടാമതായി 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിൽ serial no. 15-ന്റെ യോഗ്യതയിൽ (b) Technical എന്നതിലെ item (i)-ൽ 'ITI Trade certificate in the trade of Plumber equivalent' എന്നത് 'ITI Trade certificate in the trade of Plumber or equivalent' എന്ന് ഭേദഗതി വരുത്തണമെന്നും പി.എസ്.സി. നിർദ്ദേശിച്ചതനുസരിച്ച് പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തിയ കരട് ചട്ടം നിയമം,

ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം എന്നീ വകുപ്പുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നതെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

പ്രസ്തുത കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

IV) 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 12116/സബ്.സി.സി1/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 13, 15, 18, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് കാലതാമസ പത്രിക ഉൾപ്പെടെ ലഭ്യമാക്കിയ റിപ്പോർട്ടും 3-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് കാലതാമസ പത്രിക ഉൾപ്പെടെ ലഭ്യമാക്കിയ റിപ്പോർട്ടും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

V) അനെർട്ടിന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച പ്രവർത്തനങ്ങളുടെ അവലോകനം, ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇ.എം.സി. നടത്തിവരുന്ന പ്രവർത്തനങ്ങളുടെ അവലോകനം, വൈദ്യുതി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങളും നിർമ്മാണ അറ്റകുറ്റ പ്രവൃത്തികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയുവാനുള്ള മുൻകരുതലുകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ കരട് റിപ്പോർട്ട്

(ഫയൽ നമ്പർ 13914/സബ്.സി.സി1/2021/നി.സെ.)

പ്രസ്തുത കരട് റിപ്പോർട്ട് പരിഗണിച്ച സമിതി, റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വരുന്ന '(ഇ.എം.സി)' എന്നത് എനർജി മാനേജ്മെന്റ് സെന്റർ എന്നതിന് ശേഷം ചേർക്കാൻ തീരുമാനിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക '9' ൽ 'ജില്ലാതലത്തിൽ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ.മാർക്കുമായി ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു'  എന്ന വരിയിലെ ക്ലാസ്സ് എന്ന വാക്കിന് പകരമായി 'ശില്പശാല'  എന്ന് ചേർക്കുവാൻ തീരുമാനിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ 57-ാമത് ഖണ്ഡികയായി 'വൈദ്യുതിയുമായി ബന്ധപ്പെട്ട് യാദൃശ്ചികമായോ അല്ലാതെയോ സംഭവിക്കുന്ന അപകടങ്ങളിൽ മരണമടയുന്നവരുടെ വിഷയം ഗൗരവമായി പരിഗണിക്കണമെന്നും അവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം' എന്നുമുള്ള സമിതി ശിപാർശ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ഭേദഗതികളോടെ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.)

## 06.12.2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2022 ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ 'V-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പു മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**:

1. ശ്രീ അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
3. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
4. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
5. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
6. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**:

1. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

3. ശ്രീമതി ശ്രീകല റ്റി. ആർ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

4. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീമതി സന്ധ്യ എസ്. ആർ., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

6. ശ്രീമതി പത്മിനി കെ. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

7. ശ്രീമതി ബിച്ചു ബാലൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അബ്കാരി വെൽഫെയർ ഫണ്ട് ബോർഡ്.

8. ശ്രീ. രഞ്ജിത്ത് പി. മനോഹർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

സമിതി, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**1) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ**

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഏകീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്ത് പുതിയ ക്ഷേമനിധി പദ്ധതി രൂപീകരിക്കുമ്പോൾ തൊഴിലാളികൾക്ക് മുൻപ് കിട്ടിയിരുന്ന ആനുകൂല്യങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല എന്നത് ചൂണ്ടിക്കാട്ടി ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

## 2) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ചുവടെ പറഞ്ഞിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ബില്ലിലെ ഖണ്ഡം '2'-ലെ ഉപഖണ്ഡം (ii) ഒഴിവാക്കുകയും ഖണ്ഡം '3'-ലെ ഉപഖണ്ഡം '2'-ൽ 'ജനുവരി 1-ാം' എന്ന വാക്കിന് പകരം മാർച്ച് 31-ാം എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

അബ്കാരിത്തൊഴിലാളികളുടെ അംശദായ തുക 11.5% ആയി ഉയർത്തുകയും എന്നാൽ തൊഴിലുടമകൾ നൽകേണ്ട അംശദായ തുക വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥയോടും അംശദായ വർദ്ധനവിലൂടെ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ വർദ്ധിച്ചു വരുന്ന ഭരണ ചെലവ് ഉൾപ്പെടെയുള്ളവയുടെ സാമ്പത്തിക ബാധ്യത തൊഴിലാളികൾക്ക് മേൽ ചുമത്തുന്ന നയസമീപനത്തോടും ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 5.00 മണിയ്ക്ക് പിരിഞ്ഞു.

## 15.02.2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2023 ഫെബ്രുവരി മാസം 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസ് മുഖേന) യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
4. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. അജിത് കുമാർ, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
3. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീ. സുതൻ ഡബ്ല്യൂ. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീമതി ദീപ എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി. എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

7. ഡോ. മാലിനി എസ്., ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

8. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്.

9. ഡോ. വീണ എൻ. മാധവൻ, ഡയറക്ടർ, ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ്.

10. ശ്രീ. സുനിൽ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)

11. ശ്രീ. കെ. എം. സുനിൽ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)

12. ശ്രീ. ശിവശങ്കരൻ കെ. പി., അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

13. ശ്രീ. പി. കെ. മോഹൻദാസ്, ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്.

14. ശ്രീ. ബിജു കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ.

15. ശ്രീ. റ്റി. വി. വിനോദ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

16. ശ്രീ. എം. കെ. സുരഭിഷ് ബാബു, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്.

17. ശ്രീ. ഷെഫീക്ക് അഹമ്മദ് സി. എം., ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്

18. ശ്രീ. ഉദയൻ സി. സി., ഫിനാൻസ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

19. ശ്രീമതി സജീല എ., അണ്ടർ സെക്രട്ടറി, ഫിനാൻസ് (ബഡ്ജറ്റ്)

20. ശ്രീ. റ്റി. എസ്. ജയലാൽ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്.

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുന്ന ധനാഭ്യർത്ഥന നമ്പർ XXIV, XVIII എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

### (തൊഴിലും നൈപുണ്യവും വകുപ്പ്)

2230-01-001-99 - നടത്തിപ്പ്

ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ,മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതിക വിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-001-98 - ജില്ലാ ആഫീസുകൾ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക

അപര്യാപ്തമായതിനാൽ വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-98- <u>പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്</u>

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-89- <u>തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും</u>

തൊഴിൽ വകുപ്പിന്റെ ആധുനികവത്ക്കരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-87-10 - <u>പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന</u>

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്-ഗ്രേഷ്യ വിതരണത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-79-10 - <u>കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന</u>

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 52.138 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-72-10 - <u>കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്- അംശദാനം-സംഭാവന</u>

കേരള കർഷകതൊഴിലാളി ക്ഷേമബോർഡിലെ അധിവർഷആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-71-10 - <u>കേരള ഈറ്റ കാട്ടുവള്ളി തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ് - അംശദാനം - സംഭാവന</u>

കേരള ഈറ്റ കാട്ടുവള്ളി തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡിന്റെ സംഭാവന ഇനത്തിൽ കുടിശ്ശികത്തുക അനുവദിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2.8765 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-62-10 - <u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി- സംഭാവന</u>

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-201-92 - മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## വ്യവസായിക പരിശീലന വകുപ്പ്

2230-03-001-99 - ട്രെയിനിംഗ് ഡയറക്ടറേറ്റ്

ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വെള്ളക്കരം , വൈദ്യുതി ചെലവുകൾ,മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ തുടങ്ങിയ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ ഒരു ലക്ഷം രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 1.71 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 70 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.45 ലക്ഷം രൂപയും പി.ഒ.എൽ(45) ഇനത്തിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 75.66 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-98- സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-96- <u>വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി</u>

വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും 2023-ൽ തുടങ്ങുന്ന ഇന്ത്യാ സ്കിൽസ് നടപ്പിലാക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 7.85 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-93 - <u>ട്രേഡ് ടെസ്റ്റ് വിംഗിനെ ശക്തിപ്പെടുത്തൽ</u>

ഐ.ഐ.ടി.-കളിൽ സി.ബി.റ്റി. സെന്ററുകൾ സ്ഥാപിക്കുന്ന ആവശ്യത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.19 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-89 - <u>വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്</u>

വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-003-98 - <u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.29 ലക്ഷം രൂപ ഈ

ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-003-97 - <u>കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം</u>

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനത്തോടൊപ്പം നൽകുന്ന സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 60,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-99 - <u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

തൊണ്ണൂറ് ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും, യാത്രബത്ത [04(1)] ഇനത്തിൽ 20 ലക്ഷം രൂപയും, ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 6 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 75.9 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-96 - <u>വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം</u>

പതിനാല് വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 75,000 രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)]

ഇനത്തിൽ 2 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 5 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-76- വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ- 1.5 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ
2.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-70 - ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ.കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-102-99 - <u>ദേശീയ തൊഴിലഭ്യസന പരിപാടികൾ</u>

വകുപ്പിന് കീഴിലുള്ള 9 ആർ.ഐ സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐടിഐ കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെൻഡ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-203-99 - <u>ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐകൾ ശക്തിപ്പെടുത്തൽ</u>

ഭാഷാന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐകളിലേയ്ക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## <u>ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്</u>

2230-01-102-99- <u>ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്</u>

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, യാത്രാ ബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 68.46 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-95- <u>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)</u>

ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവിനങ്ങൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## <u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)</u>

2230-02-001-98- <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം</u>

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-93-33 – <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ) - സബ്സിഡികൾ</u>

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-88- <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ</u>

കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കരിയർ ഡവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനും കരമന, പയ്യന്നൂർ എന്നിവിടങ്ങളിലെ കരിയർ ഡവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ

പ്രവർത്തനങ്ങൾക്കുമായി 5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-87- <u>നവജീവൻ</u>

നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്കനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയുടെ സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-85- <u>സമന്വയ - പട്ടികജാതി/പട്ടികവർഗ്ഗത്തിനായുള്ള സമഗ്ര തൊഴിൽ വികസന പരിപാടി</u>

കേരളത്തിലുടനീളമുള്ള പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായുള്ള സമഗ്ര തൊഴിൽ വികസന പരിപാടിയുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6250-60-800-97- <u>കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ</u>

കൈവല്യ പദ്ധതി മുഖേന സ്വയംതൊഴിൽ വായ്പ നൽകുന്നതിനും വായ്പാ പദ്ധതിക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

2230– 03-101-66-31 - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളം

കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 24.93 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-66-36 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- സഹായധനം - ശമ്പളേതരം

കിലെയിലെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.31 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230– 03-101-66-36 - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളേതരം

കിലെയിലെ ദൈനംദിന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.84 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### ശീർഷകം പുന:സ്ഥാപിക്കുന്നതിന്

കിലെ കാമ്പസിനെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി മുൻവർഷം നിലവിലുണ്ടായിരുന്ന 2230-03-101-52 (പദ്ധതി) എന്ന ശീർഷകം

പുന:സ്ഥാപിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ഒഡെപെക്

2230– 01-103-10 - ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

ഒഡെപെക്കിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

2230– 01-101-96- വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റ് അലവൻസുകൾ [02 (3)] ഇനത്തിൽ 6,000 രൂപയും കൺസോളിഡേറ്റഡ് പേ [02 (4)] ഇനത്തിൽ 3 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 36,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 3.87 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230– 01-101-91- തൊഴിൽ കോടതി, എറണാകുളം

എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ശമ്പളം [02 (1)] ഇനത്തിൽ 50,000 രൂപയും യാത്രാ ബത്ത [04 (1)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04 (2)]

ഇനത്തിൽ 50,000 രൂപയും അവധി യാത്രാനുകൂല്യം [04 (4)] ഇനത്തിൽ 75,000 രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 20,000 രൂപയും ടെലഫോൺ ചെലവ് [05 (3)] ഇനത്തിൽ 13,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 3.32 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21 (2)] ഇനത്തിൽ 22,000 രൂപയും പി.ഒ.എൽ (45) ഇനത്തിൽ 28,000 രൂപയും വിവര സാങ്കേതിക വിദ്യ (99 ) ഇനത്തിൽ 35,000 രൂപയും ഉൾപ്പെടെ ആകെ 7.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-89 - <u>ലേബർ കോടതി, കണ്ണൂർ</u>

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് യാത്രാബത്ത [04(1)] ഇനത്തിൽ 20,000 രൂപയും പി.ഒ.എൽ (45) ഇനത്തിൽ 14,000 രൂപയും ഉൾപ്പെടെ ആകെ 34,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-86 - <u>വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി</u>

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 1.62 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 95,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 13,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 23,000 രൂപയും പി.ഒ.എൽ (45) ഇനത്തിൽ 2.52 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.45 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-85 - <u>വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്</u>

പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന്റെ വസതിയിലെ വെള്ളക്കരം

ഇനത്തിലും വസതിയിലെയും ഓഫീസിലെയും വൈദ്യുതി ചെലവ് ഇനത്തിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളക്കരം [05(1)] ഇനത്തിൽ 3,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 5,000 രൂപയും ഉൾപ്പെടെ ആകെ 8,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-79 - <u>വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ</u>

തൃശ്ശൂർ വ്യാവസായിക ട്രിബ്യൂണലിന്റെ ഓഫീസ്, വസതി എന്നിവിടങ്ങളിലെ വൈദ്യുതി ചെലവിനും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 35,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 30,000 രൂപയും ഉൾപ്പെടെ ആകെ 65,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVII

## <u>വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം</u>

4202-02-105-85 - <u>ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്</u>

വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ.കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ.കൾക്കും ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVIII**

**വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

**ഇൻഷുറൻസ് മെഡിക്കൽ വിഭാഗം**

2210-01-102-99 - ഭരണ വിഭാഗം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ നിയമിക്കുന്ന അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപ്പൻഡ് നൽകുന്നതിനായി ഈ ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും (12) ഇനത്തിൽ 2.52 ലക്ഷം രൂപയും ഇ-ഓഫീസ് സംവിധാനത്തിന്റെ നവീകരണത്തിനായും കമ്പ്യൂട്ടർ ഉപകരണങ്ങളുടെ മെയിന്റനൻസിനായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ (99) ഇനത്തിൽ 3.99 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന രണ്ട് ലക്ഷത്തോളം തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനമെടുത്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഒരു കേസിന്റെ അടിസ്ഥാനത്തിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ പെൻഡിംഗിലായതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതിയംഗം ആവശ്യപ്പെട്ടപ്പോൾ ആയത് സംബന്ധിച്ച സാധ്യത പരിശോധിക്കാമെന്ന് സമിതി ചെയർമാൻ ഉറപ്പ് നൽകി. കൂടാതെ കർഷക തൊഴിലാളികൾക്ക് അധിവർഷാനുകൂല്യം നൽകുന്നതിനായി തുക നീക്കി വയ്ക്കണമെന്ന് സമിതിയംഗം നിർദ്ദേശിച്ചപ്പോൾ കർഷകത്തൊഴിലാളികൾക്ക് അധിവർഷാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക റിലീസ് ചെയ്ത് ഉത്തരവായിട്ടുള്ളതായും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2210-01-102-98 - <u>ഡിസ്പെൻസറികൾ</u>

ഇ.എസ്.ഐ ആശുപത്രികളിൽ നിയമിക്കുന്ന അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 7.56 ലക്ഷം രൂപയും ഇ- ഓഫീസിന്റെ നവീകരണം കമ്പ്യൂട്ടർ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വിവരസാങ്കേതിക വിദ്യാ (99) ഇനത്തിൽ 9 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 16.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2210-01-102-96 - <u>ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2023-24 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ 37.3461 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 44.87 ലക്ഷം രൂപയും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ [03] ഇനത്തിൽ 1.6370 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് [04] ഇനത്തിൽ 6.63 കോടി രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 59.99 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 5.5958 കോടി രൂപയും ഇ.എസ്.ഐ. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വൈദ്യസുരക്ഷ നൽകുന്നതിനു വേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 2.90 കോടി രൂപയും ഉൾപ്പെടെ ആകെ 55.1575 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.15-ന് പിരിഞ്ഞു.

## 17.02.2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2023 ഫെബ്രുവരി മാസം 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ ചേർന്ന യോഗത്തിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിംഗിലൂടെ അദ്ധ്യക്ഷത വഹിച്ചു.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ**

1. ശ്രീ അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. കെ.ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.
2. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീമതി സിന്ധു പി.എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. ശ്രീലാൽ റ്റി.വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.
5. ശ്രീ. സുരേഷ് കുമാർ സി., ഡയറക്ടർ., (Distribution and Supply Chain Management)
6. ഡോ. ആർ. ഹരികുമാർ, ഡയറക്ടർ എനർജി മാനേജ്മെന്റ് സെന്റർ
7. ഡോ. ആനന്ദ് എസ്.ആർ, ഡയറക്ടർ (ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം

ഓപ്പറേഷൻ, പ്ലാനിംഗ് ആന്റ് സേഫ്റ്റി), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

8. ശ്രീ. സിജി ജോസ്, ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ ആന്റ് എച്ച്.ആർ.എം), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

9. ഡോ. രാജൻ എൻ. ഖൊബ്രഗഡെ, ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

10. ശ്രീ. നരേന്ദ്രനാഥ് വെല്ലൂരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്.

11. ശ്രീ. അനിൽ കുമാർ വി.സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്.

12. ശ്രീ. സുഭാഷ് ബാബു ബി.വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ

13. ശ്രീമതി ലേഖ ജി., ചീഫ് ഇന്റേണൽ ആഡിറ്റർ ആൻഡ് കമ്പനി സെക്രട്ടറി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

14. ശ്രീ. വിനോദ് ജി., ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്.

15. ശ്രീമതി ഇന്ദു. ജി., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

16. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്.

17. ശ്രീമതി ഗീത വി.എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

18. ശ്രീ. അനിൽ റോഷ് റ്റി.എസ്., ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

19. ശ്രീ. വിനോദ് കുമാർ വി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

20. ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്.

21. ശ്രീ. സന്ദീപ് കെ., എനർജി ടെക്നോളജിസ്റ്റ്, എനർജി മാനേജ്മെന്റ് സെന്റർ

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXIX (വൈദ്യുത പദ്ധതികൾ) സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXIX

## വൈദ്യുത പദ്ധതികൾ

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

2801-80-101-99 -33- വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതു മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23 ലും 2023-24 ലുമായി ലഭിക്കേണ്ട തുകയായ 768.24 കോടി രൂപയും 30 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23 ലും 2023-24 ലുമായി ലഭിക്കേണ്ട തുകയായ 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 769.04

കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-92 - കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയ്ക്ക് വാർഷിക നഷ്ടപരിഹാരം നൽകുന്നതിന് 52.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-85- ട്രാൻസ് ഗ്രിഡ് 2.0

ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് ചെലവായ തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതിന് 158 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-83- ഇടമൺ -കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്

ഇടമൺ- കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുവേണ്ടിയുള്ള നഷ്ടപരിഹാരപാക്കേജ് ഇനത്തിൽ സംസ്ഥാന വിഹിതമായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-82- തൃശ്ശൂർ മുതൽ പുഗലൂർ വരെയുള്ള 320 കെ.വി. എച്ച്. വി. ഡി. സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ്.

തൃശ്ശൂർ-പുഗലൂർ 320 കെ.വി. എച്ച്. വി. ഡി. സി ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള നഷ്ടപരിഹാര പാക്കേജിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 13.87 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ശീർഷകം പുന:സ്ഥാപിക്കുന്നതിന്

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുന:സ്ഥാപിച്ച് സംസ്ഥാന വിഹിതമായി താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

1. RGGVY- (പഴയ ശീർഷകം 2801-80-101-90) (പ്ലാൻ) 2.44 കോടി രൂപ.

2. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) (പഴയ ശീർഷകം 2801-80-101-87) (പ്ലാൻ) 48.3 കോടി രൂപ.

3. സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്സ്.)
(പഴയ ശീർഷകം 2801-80-101-86) (പ്ലാൻ) 59.21 കോടി രൂപ.

4. മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം
(പഴയ ശീർഷകം 4801-80-101-99) (പ്ലാൻ) 41.6319 കോടി രൂപ.

### 6801-00-190-86- ഡാം റീഹാബിലിറ്റേഷനും ഇപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ

(വിദേശ സഹായ പദ്ധതികൾ)

ഡ്രിപ്പ് ഉൾപ്പെടെയുള്ള സുരക്ഷാ പ്രവൃത്തികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കെ.എസ്.ഇ.ബി.എൽ. ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണെന്നും എന്നാൽ കെ.എസ്.ഇ.ബി.എൽ. ന്റെ തനത് ഫണ്ടിലെ തുക മാത്രം ചെലവഴിച്ച് മുന്നോട്ട്

പോയാൽ സംസ്ഥാനത്തെ വൈദ്യുതി മേഖല മെച്ചപ്പെടുവാൻ കാലതാമസമുണ്ടാകുമെന്നും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് കൂടി ഉണ്ടായാൽ കൂടുതൽ നേട്ടമുണ്ടാക്കാൻ സാധിക്കുമെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ സമിതിയെ അറിയിച്ചു.

നബാർഡ് ബന്ധിത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം

നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം അനുവദിക്കുന്ന ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും മുൻകാലങ്ങളിൽ നബാർഡിന് അനുവദിച്ച തുക കൃത്യമായി ഉപയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാലാണ് ഈ സ്കീമിൽ കെ.എസ്.ഇ.ബി.എൽ.-ന് ഗ്രാന്റ് ഇനത്തിൽ തുക ഉൾപ്പെടുത്താത്തതെന്നും ഫണ്ട് സാങ്ഷൻ ചെയ്തുവരുന്നതിന് മുമ്പുതന്നെ AS/TS കൊടുക്കണമെന്നും അഡ്വാൻസായി പ്രിപ്പയർ ചെയ്യണമെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കേരളം ഒട്ടാകെ കെ.എസ്.ഇ.ബി.എൽ. നബാർഡിന്റെ ഗ്രാന്റ് വാങ്ങുന്നത് കുറവാണെന്നും ഈ വർഷം കെ.എസ്.ഇ.ബി.എൽ.-ന് തുകയൊന്നും ലഭിച്ചിട്ടില്ലെങ്കിലും അടുത്ത വർഷത്തേക്ക് ആവശ്യമായ തുക അനുവദിക്കണമെന്നും ഊർജ്ജ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭ്യർത്ഥിച്ചു. മുമ്പ് 1000 കോടി രൂപ ആയിരുന്ന അലോക്കേഷൻ ഇപ്പോൾ 600 കോടി രൂപയായി കുറഞ്ഞുവെന്നും, പല ഡിപ്പാർട്ടുമെന്റുകളും കൃത്യസമയത്ത് UC കൊടുക്കാത്തതുകൊണ്ടാണ് അലോക്കേഷൻ ഇങ്ങനെ കുറഞ്ഞുവരുന്നതെന്നും എല്ലാ വർഷവും നബാർഡിന്റെ ലോൺ വിഹിതം നൂറ് കോടി രൂപ വീതം കുറഞ്ഞുവരികയാണെന്നും സ്റ്റേറ്റ് അലോക്കേഷനിൽ കെ.എസ്.ഇ.ബി.എൽ. ഉപയോഗിക്കുന്ന ഫണ്ടിനനുസൃതമായാണ് നബാർഡ് ലോൺ തരുന്നതെന്നും ഊർജ്ജ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

നബാർഡിൽ നിന്നും കെ.എസ്.ഇ.ബി.എൽ ന് ലഭ്യമായ ഫണ്ട് പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടെന്നും നബാർഡ് ലോണിന് ഏകദേശം 4% പലിശ നിരക്കാണെന്നും പുറത്തുനിന്നും 9-10 ശതമാനം പലിശ നിരക്കിൽ ലോൺ എടുക്കേണ്ടി വരുന്നത് നഷ്ടമാണെന്നതിനാൽ കെ.എസ്.ഇ.ബി.എൽ-ന്

നബാർഡ് വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യണമെന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ സമിതിയോട് അഭ്യർത്ഥിച്ചു.

തുടർന്ന് നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് സംസ്ഥാന വിഹിതം താഴെപ്പറയും പ്രകാരം വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

1. 2.0 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-85) (പ്ലാൻ) 3.34 കോടി രൂപ.

2. പോത്തൻകോടിൽ 2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-83) (പ്ലാൻ) 2.11 കോടി രൂപ.

3. പേഴക്കാപ്പള്ളിയിൽ 1.2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് ഊർജ്ജപദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകം പുന:സ്ഥാപിച്ച് (ശീർഷകം 6801-00-190-82) (പ്ലാൻ) 7.02 കോടി രൂപ വകയിരുത്തുക.

4. തലക്കുളത്തൂരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് ഊർജ്ജപദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-81) (പ്ലാൻ) 0.82 കോടി രൂപ.

5. 6.0 മെഗാവാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-80) (പ്ലാൻ) 4.95 കോടി രൂപ.

## ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)

2810-00-104-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം-സഹായധനം-ശമ്പളേതരം

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാച്ചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവ വഹിക്കുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6.6347 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരളത്തിലെ എല്ലാ ആദിവാസി കോളനികളിലും ഈ വർഷത്തോടെ ഗ്രിഡ്/ഓഫ് ഗ്രിഡ് കണക്ഷൻ മുഖേന വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി മുപ്പത്തിയെട്ടോളം കോളനികളിൽ ഗ്രിഡ് കണക്ഷൻ നൽകുന്നതിന് 25 കോടി രൂപയും ഗ്രിഡ് കണ്ക്ട് ചെയ്യാൻ സാധിക്കാത്ത നാൽപ്പതോളം കോളനികളിൽ ഓഫ് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് 120 കോടി രൂപയും വേണ്ടിവരുമെന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ ആദിവാസി ഊരുകളിലെ സമ്പൂർണ്ണ വൈദ്യുതവത്കരണത്തിനായി കെ.എസ്.ഇ.ബി.എൽ. ന് 25 കോടി രൂപയും അനെർട്ടിന് 120 കോടി രൂപയും അനുവദിക്കുന്നതിന് സമിതി ശിപാർശചെയ്യണമെന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചിഫ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

വാളയാറിനടുത്തുള്ള പാറപ്പെട്ടി ആദിവാസി കോളനി നിവാസികൾക്ക് വന്യമൃഗശല്യവും മറ്റും കാരണം റോഡ് മാർഗ്ഗം കേരളത്തിലെ മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുവാൻ സാധിക്കാത്ത അവസ്ഥ ഉള്ളതിനാൽ ആയതിന് പരിഹാരം കാണണമെന്നും കൂടാതെ പ്രസ്തുത പ്രദേശത്ത് വൈദ്യുതി കണക്ഷൻ ഇല്ലാത്ത മുപ്പതോളം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതിയംഗംആവശ്യപ്പെട്ടപ്പോൾ മേൽപ്പറഞ്ഞ വിഷയങ്ങൾ പ്രത്യേകം ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്ന് ബഹു. സമിതി

ചെയർമാൻ മറുപടി നൽകി.

2810-00-800-78- ഗ്രീൻ എനർജി ഹബ്

വിഹിതം: 92,00,000 രൂപ (പദ്ധതി)

2023-24 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം കൊച്ചിയിലും തിരുവനന്തപുരത്തും ഓരോ ഗ്രീൻ ഹൈഡ്രജൻ ഹബുകൾ സ്ഥാപിക്കുന്നതിനായി 20 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## എനർജി മാനേജ്മെന്റ് സെന്റർ- കേരള

2801-80-004-98 - ചെറുകിട ജലവൈദ്യുത വികസനവും ജല-കൈനറ്റിക് പവർ പദ്ധതിയും

പുതിയ ജലവൈദ്യുത പദ്ധതികൾക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനായി 200 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2810-00-104-98 - എനർജി മാനേജ് മെന്റ് സെന്റർ ധനസഹായം

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.3928 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.00 മണിക്ക് പിരിഞ്ഞു.

## 22.02.2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2023 ഫെബ്രുവരി 22-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും ചുവടെ കൊടുത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ താഴെപ്പറയുന്ന ശിപാർശകൾ യഥാക്രമം 57, 66 എന്നീ ഖണ്ഡികകളായി ഉൾപ്പെടുത്തുന്നതിനും ഖണ്ഡിക 56-ന് ശേഷമുള്ളവ പുനരക്കം ചെയ്യുന്നതിനും തീരുമാനിച്ചു.

4801-80-101-98 – നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം.

കേരളത്തിലെ എല്ലാ ആദിവാസികോളനികളിലും വൈദ്യുതി എത്തിക്കുന്ന ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിൽ കെ.എസ്.ഇ.ബി.എൽ.-ന് 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2810-00-800-90(06)-35 - <u>അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ - പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം.</u>

കേരളത്തിലെ എല്ലാ ആദിവാസി കോളനികളിലും ഗ്രിഡ്/ഓഫ് ഗ്രിഡ് കണക്ഷൻ മുഖേന വൈദ്യുതി എത്തിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 120 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം 11.10-ന് പിരിഞ്ഞു.

****